I. ഇ.ബി. XII-കേരള നിയമസഭ/XIV-2

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 1, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**തിരുത്തിയ ഉത്തരം**

8.9.2009-ലെ നക്ഷത്രചിഹ്നമിടാത്ത 21-ാം നമ്പർ
ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

പന്ത്രണ്ടാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിൽ 8-9-2009-ന് മറുപടി നൽകിയ നക്ഷത്രചിഹ്നമിടാത്ത 21-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം മുഖ്യമന്ത്രി മേശപ്പുറത്തുവച്ചു.

**ചരമോപചാരം**

ജ്യോതി ബസു, എം. സത്യനേശൻ, ജോസ് താണിക്കൽ,
എൻ. ഗണപതി എന്നിവരുടെ നിര്യാണം

ഇന്ത്യൻ രാഷ്ട്രീയത്തിലെ അതികായകനും കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്)-ന്റെ പ്രമുഖ നേതാവും പശ്ചിമ ബംഗാൾ മുഖ്യമന്ത്രിയുമായിരുന്ന ജ്യോതി ബസു, മുൻ എം.എൽ.എ.യും സി.പി.ഐ. (എം) നേതാവുമായ എം. സത്യനേശൻ, മുൻ നിയമസഭാംഗമായിരുന്ന

ജോസ് താണിക്കൽ, മുൻ നിയമസഭാംഗവും കേരള കോൺഗ്രസ് (എം) സംസ്ഥാന സെക്രട്ടറിയുമായിരുന്ന എൻ. ഗണപതി എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പനേരം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

**അടിയന്തിരപ്രമേയം**

മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ

മി. സ്പീക്കർ: മൂന്നാറിലും പരിസര പ്രദേശങ്ങളിലുമുണ്ടായിട്ടുള്ള അനധികൃത കയ്യേറ്റങ്ങളും പരിസ്ഥിതി നാശവും തടയുന്നതിന് തൃപ്തികരമായ നടപടി സ്വീകരിക്കാത്തതുകൊണ്ട് യഥാർത്ഥ ചെറുകിടക്കാർക്ക് കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള കാലതാമസം കാരണം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, സി.എഫ്. തോമസ്, കെ. കുട്ടി അഹമ്മദ് കുട്ടി, കെ.കെ. ഷാജു, കെ.ബി. ഗണേഷ് കുമാർ എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഈ വിഷയം സഭയിൽ ചർച്ച ചെയ്യുന്നതിന് സർക്കാർ സന്നദ്ധമാണ്.

മി. സ്പീക്കർ: 12.30-നു ശേഷം ചർച്ചയ്ക്ക് എടുക്കാം.

**ശ്രദ്ധക്ഷണിക്കൽ**

(1) ഭൂമി ഏറ്റെടുക്കുന്നതിലെ അപാകതകൾ

ശ്രീ. എം.എ വാഹീദ്:. പുതിയ ബി.ഒ.ടി. എക്സ്പ്രസ് ഹൈവേ ദേശീയപാതയോടൊപ്പം വരുമ്പോൾ കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നതും

മൂന്നുമീറ്റർ പൊക്കത്തിൽ പുതിയ റോഡ് ഉണ്ടാക്കുന്നതും ഗുരുതരമായ സാമൂഹ്യ പ്രശ്നം സൃഷ്ടിക്കുന്നതാണ്. ദേശീയപാത നാലുവരിപ്പാതയാക്കുന്നതിനായി 35 മീറ്ററോളം വീതിയിൽ ഇപ്പോൾ എടുത്തിരിക്കുന്ന സ്ഥലം പര്യാപ്തമാണ്. നിലവിലുള്ള ഹൈവേയുടെ ഇരുവശങ്ങളിലുമുള്ള കെട്ടിടങ്ങളും മറ്റും ഇടിച്ചുനിരത്തി ബി.ഒ.ടി. എക്സ്പ്രസ് ഹൈവേ നിർമ്മിക്കുന്നത് കോടിക്കണക്കിന് രൂപയുടെ നഷ്ടമുണ്ടാക്കും. ജനവാസം കൂടുതലുള്ള മുംബൈ പോലുള്ള സ്ഥലങ്ങളിൽ ഒരിഞ്ചു ഭൂമിപോലും കൂടുതലായി അക്വയർ ചെയ്യാതെ നിലവിലുള്ള ഹൈവേയുടെ രണ്ടാം നിലയായി എക്സ്പ്രസ് ഹൈവേ നിർമ്മിച്ചിട്ടുണ്ട്. അതുപോലെ കേരളത്തിൽ ബി.ഒ.ടി. എക്സ്പ്രസ് ഹൈവേ നിർബന്ധമാണെങ്കിൽ രണ്ടാം നിലയായി നിർമ്മിക്കാവുന്നതാണ്. ബി.ഒ.ടി. ഏക്സ്പ്രസ് ഹൈവേയ്ക്കുവേണ്ടി റോഡ് വീതികൂട്ടുന്ന നടപടിയിൽ നിന്നും സർക്കാർ പിന്തിരിയണം. ഇതിന്റെ അലൈൻമെന്റും ഏരിയൽ സർവ്വേയും നടത്തിയതിൽ അപാകതകളുള്ളതിനാൽ അത് പരിശോധിക്കുന്നതിന് പുതിയ ടീമിനെ നിയോഗിക്കാൻ ഗവണ്മെന്റ് തയ്യാറാകണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്): എൻ.എച്ച് 47-ന്റെ ചേർത്തല മുതൽ തമിഴ്നാട് അതിർത്തിവരെയുള്ള ഭാഗം നാലുവരിപ്പാതയായി വികസിപ്പിക്കാൻ ദേശീയ പാത വികസന പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ.-യെ കേന്ദ്ര ഗവൺമെന്റ് ചുമതലപ്പെടുത്തിയിട്ടുണ്ട്. അതിൽ ചേർത്തല മുതൽ ഓച്ചിറ വരേയും ഓച്ചിറ മുതൽ കഴക്കൂട്ടം വരേയും കഴക്കൂട്ടം മുതൽ തിരുവനന്തപുരം-നെയ്യാറ്റിൻകര വരേയും കമ്പൈൻഡ് ബൈപ്പാസ് വഴി തമിഴ്നാട് അതിർത്തിയിലേയ്ക്കും കൺസൽട്ടൻസി മുഖാന്തിരം സർവ്വേ നടത്തി

എൻ.എച്ച്.എ. ഐ. പ്രോജക്ട് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എൻ.എച്ച്. 47-ൽ 45 മീറ്ററായി സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കുന്നതിന് കേന്ദ്ര ഉപരിതല വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗതീരുമാനമനുസരിച്ച് കൺസൾട്ടൻസി മുഖേന എൻ.എച്ച്.എ.ഐ. തയ്യാറാക്കിയ അലൈൻമെന്റിന് 21-7-2008-ന് അംഗീകാരം ലഭിച്ചുവെങ്കിലും ഇതുസംബന്ധിച്ച് പല ഭാഗത്തുനിന്നും ആക്ഷേപങ്ങൾ ഉയർന്നുവന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത അലൈൻമെന്റ് പുന:പരിശോധിക്കണമെന്ന് എൻ.എച്ച്.എ.ഐ. യോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അനുഭാവപൂർവ്വമായ തീരുമാനമാണ് പ്രതീക്ഷിക്കുന്നത്. മേൽപ്പാലത്തിന്റെ രൂപത്തിൽ റോഡ് നിർമ്മിക്കുന്നത് ചെലവേറിയ കാര്യമാണ്. ഇപ്പോൾ അംഗീകരിച്ചിട്ടുള്ള അലൈൻമെന്റിൽ തന്നെ റോഡ് സുരക്ഷയ്ക്ക് ഭീഷണിയുണ്ടാകാത്ത തരത്തിൽ വ്യതിയാനങ്ങൾ വരുത്തി പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരമാവധി കുറച്ച് റോഡ് വികസനം നടത്താനാണ് പരിശ്രമിക്കുന്നത്.

(2) <u>കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട ഭക്ഷ്യധാന്യം</u>

<u>ശ്രീ. ആനത്തലവട്ടം ആനന്ദൻ:</u> കേന്ദ്ര ഗവണ്മെന്റ് റേഷന് പകരം കൂപ്പൺ സമ്പ്രദായം നടപ്പിലാക്കാൻ സ്വീകരിക്കുന്ന നടപടി പൊതുവിതരണ സമ്പ്രദായത്തെ തകർക്കുന്നതാണ്. കേന്ദ്ര ഗവണ്മെന്റ് സംഭരണ വിതരണ രംഗത്തുനിന്നും പിൻവാങ്ങിക്കൊണ്ട് ഊഹക്കച്ചവടക്കാരേയും വൻകിട കുത്തകക്കാരേയും പ്രോൽസാഹിപ്പിക്കുന്ന നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇതിനെതിരെ കേരളത്തിലെ ജനങ്ങൾ ഒറ്റക്കെട്ടായി നിൽക്കണം. ഭക്ഷ്യ സബ്സിഡിക്കുവേണ്ടി കേന്ദ്രഗവണ്മെന്റ് അലോട്ട് ചെയ്തിരുന്ന സംഖ്യയിൽ നിന്നും 400 കോടി രൂപ വെട്ടിക്കുറച്ചതും എ.പി.എൽ. വിഭാഗ

ത്തിനായി നൽകിയിരുന്ന 1,13,000 ടൺ ഭക്ഷ്യധാന്യം 17 ടണ്ണായി കുറച്ചതും കേരളത്തെ ഭക്ഷ്യ പ്രതിസന്ധിയിലാക്കുന്ന നടപടിയാണ്. കേരളത്തിൽ 13 ലക്ഷം മെട്രിക് ടൺ നെല്ലുല്പാദിച്ചിരുന്ന സ്ഥാനത്ത് ഇപ്പോൾ ആറര ലക്ഷം മെട്രിക് ടണ്ണാണ് ഉൽപ്പാദിപ്പിക്കുന്നത്. ഈ ഗവണ്മെന്റ് അധികാരത്തിൽ വന്ന തിനുശേഷം 60,000 ഹെക്ടർ സ്ഥലത്ത് നെൽക്കൃഷി വ്യാപിപ്പിക്കാനും. ജില്ല കളിൽ നിന്നും കിലോഗ്രാമിന് 12 രൂപ നിരക്കിൽ നെല്ല് സംഭരിക്കാനും കഴിഞ്ഞു. കേരളത്തിന് അലോട്ട് ചെയ്തിരുന്ന ഭക്ഷ്യധാന്യത്തിൽ വന്നി രിക്കുന്ന കുറവ് പൂർണ്ണമായും നികത്തണം. ബി.പി.എൽ. എ.പി.എൽ വ്യത്യാ സമില്ലാതെ എല്ലാ കാർഡുടമകൾക്കും റേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കണം. റേഷൻകടകൾ വഴി വിതരണം ചെയ്യുന്നതിന് ആവശ്യമായ ഭക്ഷ്യധാന്യം അനുവദിക്കുന്നതിനും ബി.പി.എൽ. വിഭാഗത്തിനുള്ള ഭക്ഷ്യ ധാന്യ വിഹിതം കുറച്ചത് പുനഃസ്ഥാപിക്കുന്നതിനും റേഷൻകടകൾ മുഖേന വിതരണം ചെയ്യുന്ന അരിയുടെ വില വർദ്ധിപ്പിക്കുന്ന നടപടിയിൽ നിന്ന് പിൻതിരിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): 1997 മുതൽ ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം നിലവിൽ വന്നതോടുകൂടി റേഷൻ ഉപഭോക്താക്കളെ എ.പി.എൽ., ബി.പി.എൽ., കുടുംബങ്ങളായി തരംതിരിക്കുകയും ബി.പി.എൽ. വിഭാഗത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാരെ അന്ത്യോദയ - അന്നയോജന പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു. കേന്ദ്രത്തിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് 9.62 ലക്ഷം ബി.പി.എൽ. കാർഡുകളും 5.94 ലക്ഷം എ.എ. വൈ. കാർഡുകളും 49.50 ലക്ഷം എ.പി.എൽ. കാർഡുകളും നിലവിലുണ്ട്. 2006 മുതൽ 2008 വരെയുള്ള വർഷങ്ങളിൽ എ.പി.എൽ. വിഭാഗത്തിനുള്ള

അരിയുടേയും ഗോതമ്പിന്റേയും ബി.പി.എൽ. വിഭാഗത്തിനുള്ള ഗോതമ്പിന്റേയും വിഹിതം വെട്ടിക്കുറയ്ക്കുകയുണ്ടായി. ഇത് പുനസ്ഥാപിക്കുന്നതിന് കേന്ദ്ര ഗവണ്മെന്റിൽ നിരന്തരം സമ്മർദ്ദം ചെലുത്തിയെങ്കിലും പരിഹാരം ഉണ്ടായിട്ടില്ല. കേന്ദ്ര സർക്കാരിന്റെ നിർദ്ദിഷ്ട ഭക്ഷ്യ സുരക്ഷാ ബില്ലിലെ നിർദ്ദേശങ്ങൾ പുന:പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ബി.പി.എൽ. കാർഡുടമകൾക്ക് പ്രതിമാസം 25 കിലോ ഭക്ഷ്യധാന്യങ്ങൾ വീതമാണ് വിതരണം ചെയ്തു വരുന്നത്. കേന്ദ്ര ഗവണ്മെന്റിന്റെ മാനദണ്ഡപ്രകാരം പ്രതിമാസം 18 കിലോ അരിയും 4 കിലോ 700 ഗ്രാം ഗോതമ്പും മാത്രമേ വിതരണം നടത്താൻ കഴിയുകയുള്ളൂ. ബി.പി.എൽ. കുടുംബങ്ങളെ നിശ്ചയിക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്ക് കൈമാറണമെന്ന് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ ഏകപക്ഷീയമായി ധാന്യങ്ങൾക്ക് വീണ്ടും വില വർദ്ധിപ്പിച്ചിരിക്കുകയാണ്. കിലോഗ്രാമിന് 8.90 രൂപ നിരക്കിലുണ്ടായിരുന്ന അരിക്കും 6.70 രൂപ നിരക്കിലുണ്ടായിരുന്ന ഗോതമ്പിനും 2010 ജനുവരി മുതൽ യഥാക്രമം 16.20 രൂപയായും 11.60 രൂപയായും വില വർദ്ധിപ്പിച്ചിരിക്കുകയാണ് റേഷൻ വിലയ്ക്ക് വിൽക്കുന്ന അതേ ഗുണനിലവാരമുള്ള അരിയും ഗോതമ്പുമാണ് ഉയർന്ന നിരക്കിൽ കേന്ദ്രം കേരളത്തിന് അനുവദിച്ചത്. ഇത് സംസ്ഥാനത്തെ പൊതുകമ്പോളത്തിൽ അരിവില കൂടാനിടയാക്കി. കേന്ദ്രം ഉയർന്ന നിരക്കിൽ അനുവദിച്ച അരി സബ്സിഡി നൽകി സപ്ലൈക്കോ വഴി യഥേഷ്ടം വിൽപ്പന നടത്തുന്നതിനാൽ ഒരു പരിധി വരെ വില നിയന്ത്രിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. എ.പി.എൽ. വിഭാഗത്തിൽപ്പെട്ട പട്ടികജാതി /പട്ടിക വർഗ്ഗ-മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കും ആശ്രയ കുടുംബങ്ങൾക്കും 2 രൂപ നിരക്കിൽ ഭക്ഷ്യധാന്യങ്ങൾ നൽകിവരുന്നു. വിലക്കയറ്റം നിയന്ത്രിക്കാനുള്ള സംസ്ഥാന

സർക്കാരിന്റെ പ്രവർത്തനങ്ങളെ കേന്ദ്രം സഹായിക്കണമെന്ന് സഭ ഒന്നടങ്കം ആവശ്യപ്പെടണം. കൂപ്പൺ സംപ്രദായം സ്വീകാര്യമല്ലെന്ന നിലപാടാണ് ഗവ ണ്മെന്റിനുള്ളത്.

**സബ്മിഷൻ**

(1) കാസർഗോഡ് ജില്ലയിലെ എൻഡോസൾഫാൻ ദുരിത ബാധിതരുടെ പുനരധിവാസം

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: കാസർഗോഡ് ജില്ലയിലെ പ്ലാന്റേഷൻ കോർപ്പറേഷന്റെ കശുവണ്ടി തോട്ടങ്ങളിൽ എൻഡോസൾഫാൻ തളിച്ച തിനെത്തുടർന്ന് മരണമടഞ്ഞവരുടെ ആശ്രിതരിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 50,000 രൂപ വീതം നൽകിവരുന്ന ധന സഹായം ലഭിക്കാത്തവർക്ക് അത് ലഭ്യമാക്കാനും രോഗബാധിതർക്ക് സൗജന്യ വിദഗ്ദ്ധ ചികിത്സ നൽകാനും സൗജന്യ റേഷൻ അനുവദിക്കാനും എൻഡോസൾഫാന്റെ ഉപയോഗം കേരളത്തിൽ നിരോധിക്കാനും ദുരിതബാ ധിതരെ പുനരധിവസിപ്പിക്കാനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ തളിച്ചതുമൂലം മരണമടഞ്ഞ 178 പേരുടെ അവകാശി കൾക്ക് സർക്കാർ 50,000 രൂപ വീതം സാമ്പത്തിക സഹായം അനുവദി ക്കുകയും ദുരിതബാധിതരുടെ ചികിത്സയ്ക്കായി ഒരു പ്രത്യേക സെൽ രൂപീ കരിക്കുകയും അതിന്റെ പ്രവർത്തനത്തിനായി 50 ലക്ഷം രൂപ അനുവദിക്കു കയും ചെയ്തിട്ടുണ്ട്. ശാരീരിക വൈകല്യം അനുഭവിക്കുന്നവർക്ക് ദൃശ്യ-ശ്രവ്യ ചലനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഈ സെല്ലിന്റെ നേതൃത്വത്തിൽ നടന്നു വരുന്നു. രോഗികൾക്കാവശ്യമായ വിദഗ്ദ്ധ ചികിത്സ കസ്തൂർബാ മെഡിക്കൽ കോളേജ് ആശുപത്രിയിലും

പരിയാരം മെഡിക്കൽ കോളേജ് ആശുപത്രിയിലും നൽകിവരുന്നു. ദുരിതബാധിതരുടെ ശുശ്രൂഷ ഏറ്റെടുക്കുന്ന ബന്ധുക്കൾക്ക് പ്രതിമാസം നൽകിവരുന്ന 250 രൂപ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. ഇവരുടെ ചികിൽസയ്ക്കും പുനരധിവാസത്തിനും ആശുപത്രികളുടെ നവീകരണത്തിനും വേണ്ടി 128 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. ജില്ലാ തലത്തിൽ രൂപീകരിച്ച പ്രത്യേക മെഡിക്കൽ സംഘം ദുരിതബാധിത മേഖലയിലെ 11 പഞ്ചായത്തുകളിലും മാസത്തിൽ രണ്ട് ദിവസം വീതം സന്ദർശനം നടത്തി ചികിൽസ നൽകുന്നുണ്ട്. നിലവിലുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കാര്യങ്ങൾ സർക്കാർ ഗൗരവമായി പരിഗണിക്കും. എൻഡോസൾഫാന്റെ ഉപയോഗം സ്ഥിരമായി നിരോധിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(2) <u>വിവാഹ രജിസ്ട്രേഷൻ</u>

<u>ശ്രീ. കെ.സി. ജോസഫ്</u> : 2006-ലെ സുപ്രീം കോടതി വിധി പ്രകാരം വിവാഹം രജിസ്റ്റർ ചെയ്യുന്നതിനുവേണ്ടി ചട്ടങ്ങൾ ഉണ്ടാക്കാൻ സംസ്ഥാന ഗവൺമെന്റുകളോട് ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 2008 ഫെബ്രുവരി മാസം 28-ാം തീയതി ചട്ടങ്ങൾ പ്രസിദ്ധീകരിച്ചെങ്കിലും അവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കാത്തത് നിയമസഭാ ചട്ടങ്ങളുടെ ലംഘനമാണ്. 2008 ഫെബ്രുവരി മാസം 29 മുതലേ ചട്ടത്തിന് പ്രാബല്യമുള്ളു എന്നിരിക്കേ അതിന് മുൻപുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യാൻ ആവശ്യപ്പെടുന്നതും അതിനുവേണ്ടി ഏർപ്പെടുത്തിയിട്ടുള്ള നിബന്ധനകളും ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയിരിക്കുകയാണ്. ഈ ചട്ടങ്ങൾ നിയമസഭാ കമ്മിറ്റിയുടെ പരിഗണനയ്ക്ക് വയ്ക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം വിജയകുമാർ): 14-2-2006-ലെ സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിലാണ് വിവാഹങ്ങൾ രജിസ്റ്റർ ചെയ്യണമെന്ന് ഉത്തരവായത്. കേരള സർക്കാർ 2006 മുതൽ 2008-വരെ നിരവധി ചർച്ചകൾ നടത്തി സമവായത്തിലെത്തിയതിൻപ്രകാരമാണ് വിവാഹങ്ങൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ട് 29-2-2008-ൽ വിജ്ഞാപനം പുറപ്പെടുവിച്ചത്. പുതുതായി കൊണ്ടുവന്ന ചട്ടം നടപ്പിലാക്കിയപ്പോൾ ഉണ്ടായ ബുദ്ധിമുട്ടുകൾ പരിഗണിച്ച് 2009 ജൂൺ 25, 2009 സെപ്റ്റംബർ 16, 2010 ഫെബ്രുവരി 25 എന്നീ തീയതികളിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. ഇനിയും ആവശ്യമായ ഭേദഗതി വരുത്താൻ സന്നദ്ധമാണ്.

(3) കർഷകത്തൊഴിലാളി പെൻഷൻ

ശ്രീ. ബി. രാഘവൻ: കർഷകത്തൊഴിലാളി പെൻഷൻ 500 രൂപയായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ) : കർഷകത്തൊഴിലാളി പെൻഷൻ 200 രൂപയിൽ നിന്നും 250 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. ഇനിയും വർദ്ധിപ്പിക്കുന്ന കാര്യം ഗൗരവപൂർവ്വം പരിഗണിക്കുന്നതാണ്. കർഷകത്തൊഴിലാളി ക്ഷേമ ബോർഡിന്റെ ശുപാർശയനുസരിച്ച് കർഷകത്തൊഴിലാളികൾക്ക് 75 കോടിയോളം രൂപയുടെ സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്.

(4) വന്യമൃഗങ്ങളുടെ ശല്യം

ശ്രീ. കെ.പി. മോഹനൻ: വന്യമൃഗങ്ങളുടെ ആക്രമണം കൊണ്ടുണ്ടാകുന്ന കൃഷിനാശത്തിനുള്ള നഷ്ടപരിഹാരത്തുക വളരെ തുച്ഛമാണ്. കൃഷി

സംരക്ഷിക്കാനും കൃഷിനാശം സംഭവിക്കുന്ന കൃഷിക്കാർക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകാനും കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്താനും നടപടി സ്വീകരിക്കണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം) : വന്യമൃഗങ്ങളുടെ ആക്രമണത്തിൽ വിളനാശം സംഭവിക്കുന്ന കൃഷിക്കാർക്ക് നോംസ് പ്രകാരമുള്ള നഷ്ടപരിഹാരത്തുക കൃത്യമായി കൊടുക്കുന്നുണ്ട്. മാക്സിമം നഷ്ടപരിഹാരമായി കൊടുക്കുന്ന 50,000 രൂപ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. വന്യമൃഗങ്ങളുടെ ആക്രമണത്താൽ മരണമട യുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരത്തുക ഒരു ലക്ഷം രൂപയായും കൃഷി, വീട് കന്നുകാലികൾ എന്നിവയ്ക്കുള്ള നഷ്ടപരിഹാരത്തുക 50,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ കൃഷി നാശം സംഭവിക്കുന്നവർക്ക് സഹായകരമായ ഒരു ഇൻഷ്വറൻസ് സ്കീമിനെപ്പറ്റി ഗവൺമെന്റ് ആലോചിക്കുന്നതാണ്.

(5) സി.എം. അബ്ദുള്ള മൗലവിയുടെ ദുരൂഹ മരണം

ശ്രീ. കെ.വി. കുഞ്ഞിരാമൻ: സമസ്ത കേരള ജമാഅത്ത് വൈസ് പ്രസിഡന്റ് സി.എം. അബ്ദുള്ള മൗലവിയുടെ ദുരൂഹ മരണത്തെക്കുറിച്ച് പ്രഗൽഭരടങ്ങുന്ന കുറ്റാന്വേഷണ ടീമിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. സി.ടി. അഹമ്മദ് അലി: സി.എം. അബ്ദുള്ള മൗലവിയുടെ മരണം കൊലപാതകമാണെന്നുള്ള സംശയം ശക്തിപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ സി.ബി.ഐ - യെക്കൊണ്ട് അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കാസർഗോഡ് ജില്ലയിലെ ചെമ്പരിക്ക നിവാസിയായ 77 വയസ്സുള്ള അബ്ദുള്ള മൗലവി 15-02-2010-ന് രാവിലെ വീടിന് സമീപമുള്ള കടലിൽ മരിച്ചുകിടക്കുന്നതായുള്ള പഞ്ചായത്ത് വാർഡ് മെമ്പർ അബ്ദുൾ മജീദിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ ബേക്കൽ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്യുകയും പരിയാരം മെഡിക്കൽകോളേജ് ആശുപത്രി യിൽ മൃതദേഹം പോസ്റ്റ്മോർട്ടം നടത്തി ബന്ധുക്കൾക്ക് വിട്ടുകൊടുക്കു കയും ചെയ്തു. മരണത്തിൽ ദുരൂഹതയുണ്ടോയെന്ന് വിശദമായി അന്വേഷിക്കുന്നതിന് കേസ്സ് ക്രൈംബ്രാഞ്ചിനെ ഏൽപ്പിക്കുന്നതാണ്.

(6) ഇക്കോ ടൂറിസം കേന്ദ്രം

ശ്രീ. ജോർജ്. എം. തോമസ്: തിരുവമ്പാടി പഞ്ചായത്തിലെ ജൈവവൈ വിധ്യങ്ങളുടെ കലവറയായ വെള്ളരിമലയെ ഇക്കോ ടൂറിസം കേന്ദ്രമായി പ്രഖ്യാപിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വെള്ളരിമല വളരെ ലോലമായ ആവാസ വ്യവസ്ഥ കളുള്ള സ്ഥലമായതിനാൽ ഇക്കോ ടൂറിസം പദ്ധതിക്ക് അനുയോജ്യമല്ല എന്നാണ് വനം വകുപ്പിന്റെ സാദ്ധ്യത പരിശോധനയിൽ കണ്ടെത്തിയിട്ടുള്ളത്. വനം വകുപ്പുമായി ബന്ധപ്പെട്ട് ഇക്കാര്യം ഒരിക്കൽക്കൂടി പരിശോധിക്കുന്ന താണ്.

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

**ചെയർമാൻമാരുടെ പാനൽ**

സർവ്വശ്രീ വി. ശിവൻകുട്ടി, പി.എം.എ. സലാം, ടി.എൻ. പ്രതാപൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങളെ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാലാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേയ്ക്ക് നാമനിർദ്ദേശം ചെയ്തു.

<u>ഗവർണ്ണറുടെ പ്രസംഗത്തിന് നന്ദി രേഖപ്പെടുത്തുന്ന പ്രമേയത്തെക്കുറിച്ചുള്ള ചർച്ച</u>

<u>ശ്രീ. മോൻസ് ജോസഫ്:</u> "2010 ഫെബ്രുവരി 24-ാം തീയതി ഗവർണ്ണർ കേരള നിയമസഭാംഗങ്ങളോട് ചെയ്ത പ്രസംഗത്തിന് നിയമ സഭാംഗങ്ങൾ ഗവർണ്ണർക്ക് നന്ദി രേഖപ്പെടുത്തുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള:</u> പ്രമേയത്തെ പിന്താങ്ങുന്നു.

(സർവ്വശ്രീ കെ. ശിവദാസൻ നായർ, ജോർജ് മെഴ്സിയർ, കെ. ബാബു, എ.എ. ഷുക്കൂർ, എം. മുരളി, ഡൊമിനിക് പ്രസന്റേഷൻ, തേറമ്പിൽ രാമകൃഷ്ണൻ, സി.പി. മുഹമ്മദ്, കെ.സി. ജോസഫ്, എ.പി. അബ്ദുള്ള ക്കുട്ടി, ടി.എൻ. പ്രതാപൻ, വർക്കല കഹാർ, അടൂർ പ്രകാശ്, കെ. മുഹ മ്മദുണ്ണി ഹാജി, പി.കെ. അബ്ദുറബ്ബ്, സി.ടി. അഹമ്മദ് അലി, കെ. കുട്ടി അഹമ്മദ് കുട്ടി, അബ്ദുറഹിമാൻ രണ്ടത്താണി, യു.സി. രാമൻ എന്നീ അംഗങ്ങൾ നന്ദി പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ചു.

<u>ശ്രീ. മോൻസ് ജോസഫ്:</u> അടിസ്ഥാന വികസന പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ പദ്ധതികൾ നടപ്പാക്കുന്നതിനും മുൻഗണന നൽകുന്ന ഗവൺമെന്റാണിത്. അതിരൂക്ഷമായ സാമ്പത്തിക മാന്ദ്യവും വിലക്കയറ്റവും രാജ്യത്തൊട്ടാകെ നിലനിൽക്കുമ്പോഴാണ് വ്യത്യസ്തമായ പ്രവർത്തനശൈലി

യിലൂടെ ഈ സർക്കാർ ജനക്ഷേമപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നത്. കാർഷിക വ്യാവസായിക വികസനം തുടങ്ങി സമസ്ത മേഖലകളിലും സർക്കാർ കൈക്കൊണ്ട നടപടികൾ നിരവധി നേട്ടങ്ങൾ കൈവരിക്കാൻ അവസരം ഒരുക്കിയിട്ടുണ്ട്. ഗതാഗത സൗകര്യങ്ങൾ ഏർപ്പെടുത്താനും ആധുനിക നിലവാരത്തിലുള്ള കെട്ടിട സമുച്ചയങ്ങൾ പൂർത്തീകരിക്കാനും ഗവൺമെന്റിന് കഴിഞ്ഞത് എടുത്തുപറയേണ്ട നേട്ടമാണ്. പുതിയ റോഡുകളുടേയും പാലങ്ങളുടേയും നിർമ്മാണത്തിന് സർക്കാർ പ്രാധാന്യം നൽകിയിട്ടുണ്ട്. മാന്ദ്യവിരുദ്ധ ഉത്തേജക പാക്കേജുകളുടെ ഭാഗമായി അനുവദിച്ച 3000 കോടി രൂപയുടെ വികസന പദ്ധതികൾ അഭിമാനകരമായ പുരോഗതിക്ക് അവസരം ഉണ്ടാക്കിയിരിക്കുകയാണ്. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുന്നതിന് മെച്ചപ്പെട്ട റോഡ് നെറ്റ്‌വർക്കിന് രൂപം നൽകാൻ പി.ഡബ്ല്യൂ.ഡിക്ക് കഴിഞ്ഞിട്ടുണ്ട്. എൻ.എച്ച്.ഡി.പി. 4 (എ) സ്കീമിൽ ഉൾപ്പെടുത്തി ദേശീയ പാതകളുടെ വികസനത്തിനായി കേന്ദ്രസർക്കാരുമായി സഹകരിച്ചുകൊണ്ട് പുതിയ പ്രോജക്ടിന് രൂപം നൽകിവരുന്നു. കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിന്റെ ഭൂരിഭാഗം പ്രവർത്തനങ്ങളും പൂർത്തീകരിക്കപ്പെട്ടിരിക്കുന്നു. 2010–2011 കാലയളവിൽ കെ.എസ്.ടി.പി. രണ്ടാംഘട്ടം നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരികയാണ്. റോഡിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ഘട്ടംഘട്ടമായി ഏറ്റെടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്. സംസ്ഥാനത്ത് റോഡുകളുടെ കാര്യത്തിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വാഗതാർഹമാണ്. തലസ്ഥാന നഗരവികസനപദ്ധതിയുടെ പ്രവർത്തനം അന്തിമഘട്ടത്തിലായിരിക്കുകയാണ്. റോഡ്സ് ആന്റ് ബ്രിഡ്ജസ് കോർപ്പറേഷന്റെ നേതൃത്വത്തിൽ 1619 കോടി രൂപയുടെ വെസ്റ്റ്

കോസ്റ്റ് നാഷണൽ ഓഷ്യൻ ഹൈവേ നിർമ്മാണമുൾപ്പെടെയുള്ള പുതിയ പദ്ധതികൾക്ക് രൂപം നൽകിയത് എടുത്തുപറയേണ്ടതാണ്. നാഷണൽ എക്സ്പ്രസ്സ് വേനെറ്റ് വർക്ക് പ്രോജക്റ്റിന്റെ കീഴിൽ പാറശ്ശാല മുതൽ കാസർഗോഡ് വരെയുള്ള പാത ഉൾപ്പെടെ നിരവധി അടിസ്ഥാന വികസന പദ്ധതികളുമായി ഗവൺമെന്റ് മുന്നോട്ടുപോവുകയാണ്. എൻ.എച്ച് 47-ഉം 17 -ഉം നാലുവരിപ്പാതയാക്കാനുള്ള ഭൂമി ഏറ്റെടുക്കൽ പ്രക്രിയ ത്വരിതഗതിയിൽ നടക്കുന്നതും ദേശീയ പാത നാലുവരി പാതയാക്കുന്നതിനായി തയ്യാറാക്കിയ അലൈൻമെന്റിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള ശ്രമങ്ങളും 140 അസംബ്ലി മണ്ഡലങ്ങളിലും വിവിധ വികസന പദ്ധതികൾ ഏറ്റെടുക്കാൻ തീരുമാനിച്ചതും ഈ ഗവൺമെന്റിന്റെ നേട്ടങ്ങളാണ്. കാർഷിക മേഖലയിലു ണ്ടായ ദുരിതങ്ങളിൽ നിന്ന് കർഷകർക്ക് മോചനം നൽകാൻ കഴിഞ്ഞു. കാർഷികോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളും നെല്ലുൽപ്പാ ദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിച്ചുകൊണ്ട് ഭക്ഷ്യ സുരക്ഷയ്ക്ക് പരി ഗണന നൽകുന്നതും കിലോക്ക് 12 രൂപ നൽകി നെല്ല് സംഭരണം നടത്തിയതും 2010-ൽ പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് സ്റ്റേറ്റ് വെജിറ്റബിൾ മിഷനിലൂടെ 25 ലക്ഷം പച്ചക്കറി തൈകൾ വിതരണം ചെയ്യാനും കാർഷികോൽപ്പന്നങ്ങൾ സംഭരിക്കാനുമുള്ള ക്രമീകര ണങ്ങളുണ്ടാക്കിയതും കൃഷിക്കാർക്കായി കർഷക രക്ഷാ പദ്ധതിയുൾപ്പെടെ യുള്ള വിവിധ പദ്ധതികൾക്ക് രൂപം നൽകിയതും ജൈവകൃഷി സമ്പ്രദായ ത്തിലൂടെ പച്ചക്കറി, പഴവർഗ്ഗങ്ങൾ, നെല്ല്, തെങ്ങ്, ഔഷധ സസ്യങ്ങൾ തുട ങ്ങിയവയുടെ കൃഷി പ്രോത്സാഹിപ്പിക്കാൻ 100 അക്ഷയ ഗ്രാമങ്ങളെ തെരഞ്ഞെടുത്തതും കന്നുകാലി വളർത്തൽ, കോഴി വളർത്തൽ, തേനീച്ച

വളർത്തൽ എന്നിവ പ്രോൽസാഹിപ്പിക്കാൻ വേണ്ട പദ്ധതികളാവിഷ്ക്കരിച്ചതും സ്വാഗതാർഹമാണ്. ജലസേചന പദ്ധതികൾ പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വിലക്കയറ്റം പിടിച്ചുനിർത്താൻ കോടിക്കണക്കിന് രൂപയുടെ അധിക ബാധ്യത ഏറ്റെടുത്തുകൊണ്ടുള്ള പ്രവർത്തനങ്ങളുമായി സംസ്ഥാന സർക്കാർ മുന്നോട്ടുപോവുകയാണ്. 26 ലക്ഷം ദരിദ്രകുടുംബങ്ങൾക്ക് 2 രൂപ നിരക്കിൽ അരിയും ഗോതമ്പും നൽകിവരുന്നു. വിവിധങ്ങളായ പെൻഷനാനുകൂല്യങ്ങൾ, ക്ഷേമപെൻഷനുകൾ, ഇ.എം.എസ്.-എം. എൻ ഭവന നിർമ്മാണ പദ്ധതികൾ ദുർബല ജനവിഭാഗങ്ങളുടെ വായ്പ എഴുതിത്തള്ളൽ തുടങ്ങി വിവിധങ്ങളായ ക്ഷേമപ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പട്ടയമേളകൾ നടത്തുകയും വനാവകാശനിയമപ്രകാരം പതിനായിരം ആദിവാസികൾക്ക് ഭൂമി നൽകുകയും കയ്യേറ്റക്കാരിൽ നിന്ന് തിരിച്ചു പിടിച്ച 128 ഏക്കർ ഭൂമി 1044 പേർക്ക് വിതരണം ചെയ്യുകയും ചെയ്തു. ഇടുക്കി ജില്ലയിലെ കൃഷിക്കാർ നേരിടുന്ന പ്രശ്നങ്ങൾ വിവിധ വകുപ്പുകൾ കൂട്ടായി ചർച്ച ചെയ്ത് പരിഹരിക്കണം. ധനകാര്യ വകുപ്പ് വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് വികസന പദ്ധതികൾ ആവിഷ്ക്കരിച്ചിരിക്കുന്നത്. പൊതുജനങ്ങളുടെമേൽ അധിക നികുതി ഏർപ്പെടുത്താതെ നികുതി പിരിവ് നടത്തിയും സാമ്പത്തിക ചെലവ് നിയന്ത്രിച്ചും മെച്ചപ്പെട്ട ധനമാനേജ്മെന്റ് കാഴ്ചവച്ചുകൊണ്ടുള്ള പ്രവർത്തനത്തിലൂടെ സാമ്പത്തിക പ്രതിസന്ധി മറികടക്കാൻ സർക്കാരിന് സാധിച്ചു. വ്യവസായമേഖലയിൽ ഗണ്യമായ പുരോഗതി കൈവരിച്ചു. കേരളത്തിൽ ഒരു നിക്ഷേപ സൗഹൃദാന്തരീക്ഷം സൃഷ്ടിച്ചെടുത്തു. 2009-ൽ 28 പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭകരമാക്കാൻ കഴിഞ്ഞു. കെ.എസ്.

ആർ.ടി.സി.യെ നവീകരിച്ചു. പുതുതായി പത്ത് ഐ.ടി. പാർക്കുകൾ സ്ഥാപിക്കാൻ തീരുമാനിച്ചു. ടെക്നോ പാർക്കിന്റെയും ഇൻഫോ പാർക്കിന്റെയും വികസന സാധ്യതകൾ പരാമവധി പ്രയോജനപ്പെടുത്താനുള്ള പരിശ്രമങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നു. വിദ്യാഭ്യാസ/ആരോഗ്യമേഖലകളിൽ സാമൂഹ്യ പ്രതിബന്ധതയോടെയുള്ള പ്രവർത്തനങ്ങൾ നടത്തുന്നു. ഭീകരവാദവും സാമൂഹ്യ സംഘർഷവും അടിച്ചമർത്താൻ കഴിഞ്ഞു. സംസ്ഥാനത്തെ ക്രമസമാധാനനില ഭദ്രമാക്കി. ജനമൈത്രീ സുരക്ഷ പദ്ധതി വിജയകരമായി നടപ്പാക്കി വരുന്നു. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനുള്ള പ്രത്യേക സെൽ ശക്തമാക്കി പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടന്നുവരികയാണ്. വികസിതവും ഐശ്വര്യപൂർണ്ണവുമായ കേരളത്തിനായി ഒത്തൊരുമിച്ച് പ്രവർത്തിക്കാൻ തയ്യാറാകണം.

<u>ശ്രീ. ജി. കാർത്തികേയൻ:</u> നന്ദിപ്രമേയത്തെ എതിർക്കുന്നു. തെരഞ്ഞെടുപ്പ് പ്രകടന പത്രികയിൽ പറഞ്ഞിട്ടുള്ള ഒരുകാര്യവും നടപ്പിലാക്കാനുള്ള ധാർമ്മിക ഉത്തരവാദിത്വം ഈ ഗവൺമെന്റ് ഏറ്റെടുത്തിട്ടില്ല. മൂന്നാർ, വയനാട് പോലുള്ള പ്രശ്നങ്ങൾ രൂക്ഷമായി നിലനിൽക്കുന്ന സാഹചര്യത്തിൽ കേരളത്തെ തരിശുഭൂമി വിമുക്ത സംസ്ഥാനമാക്കി മാറ്റുമെന്ന പ്രഖ്യാപനം അർത്ഥശൂന്യമാണ്. നാലുവർഷം കഴിഞ്ഞിട്ടും ഏറ്റെടുത്ത പദ്ധതികളൊന്നും നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചില്ല. ഈ ഗവൺമെന്റിന്റെ ഭാവനാശൂന്യമായ നടപടികൾകൊണ്ട് നഷ്ടപ്പെട്ട സ്മാർട്ട് സിറ്റി പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്നത് കാപട്യമാണ്. മുന്നണിയെ നയിക്കുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ധിക്കാരപരമായ നടപടികളെ ന്യായീകരിച്ചു കൊണ്ട് ഗവൺമെന്റ് മുന്നോട്ടുപോകുകയാണ്.

സാംസ്ക്കാരിക രംഗത്തെ മാഫിയകളെ നിയന്ത്രിക്കാൻ മുൻകയ്യെടുക്കണം. ആഭ്യന്തര വകുപ്പിന്റെ പ്രവർത്തനങ്ങളുടെ മികവ് തീരുമാനിക്കേണ്ടത് കേരള സമൂഹമാണ്. പോലീസ് വകുപ്പിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് സത്യ വിരുദ്ധമായ കാര്യങ്ങളാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പറഞ്ഞിട്ടുള്ളത്.

ശ്രീ. കെ. കുഞ്ഞിരാമൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നയപ്രഖ്യാപന പ്രസംഗം ആവേശവും പ്രത്യാശയും ജനിപ്പിക്കുന്നതാണ്. കേരളത്തിലെ സമസ്ത മേഖലകളേയും വികസിപ്പിക്കാനുതകുന്ന രീതിയിലുള്ള പരാമർശങ്ങളാണ് നയപ്രഖ്യാപനപ്രസംഗത്തിലുള്ളത്. ഈ ഗവൺമെന്റ് ജനക്ഷേമകരമായ പ്രവർത്തനങ്ങളാണ് നടത്തിക്കൊണ്ടിരിക്കു ന്നത്. പ്രതിപക്ഷാംഗങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ നടത്തിയിട്ടുള്ള വികസനപ്രവർത്തനങ്ങൾ എടുത്തുപറയാൻ മന്ത്രിമാർ തയ്യാറാകണം. ഈ ഗവൺമെന്റ് ചെയ്തിട്ടുള്ള നല്ല കാര്യങ്ങളെ ജനങ്ങളുടെ മുന്നിൽ കരിതേയ്ച്ച് കാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ക്രിയാത്മകമായ നിർദ്ദേശങ്ങ ളാണ് നയപ്രഖ്യാപനപ്രസംഗത്തിലുള്ളത്. വിലക്കയറ്റം തടയാനോ ഭക്ഷ്യ സബ്സിഡി വർദ്ധിപ്പിക്കാനോ, ഭക്ഷ്യോൽപ്പാദനം വർദ്ധിപ്പിക്കാനോ യാതൊരു നടപടിയും കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചിട്ടില്ല. നിലവിലുള്ള വളം സബ്സിഡിപോലും നിറുത്തലാക്കാനാണ് കേന്ദ്ര സർക്കാർ ശ്രമിക്കുന്നത്. കേന്ദ്ര ഖജനാവിൽ 5,35,000 കോടി രൂപയുടെ നീക്കിയിരിപ്പുള്ളപ്പോൾ 73,000 കോടി രൂപയുടെ പരോക്ഷ നികുതി ചുമത്തുന്നതിനും പൊതു മേഖലാ സ്ഥാപനങ്ങളുടെ 43,000 കോടി രൂപയ്ക്കുള്ള ഷെയറുകൾ വിറ്റഴിക്കുന്നതിനും നീക്കം നടത്തുന്നതിനെക്കുറിച്ച് വ്യക്തമാക്കണം. ദാരിദ്ര്യ

രേഖയ്ക്ക് താഴെയുള്ളവർക്ക് വിലകുറച്ച് ഭക്ഷ്യധാന്യങ്ങൾ കൊടുക്കാനും കേരളത്തിന് അർഹതപ്പെട്ട റേഷനരി നൽകാനും കേന്ദ്രഗവൺമെന്റ് തയ്യാറാകുന്നില്ല. വിലക്കയറ്റം തടയുന്നതിനായി 100 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുകളായി ഉയർത്തുന്നതിനും കൂടുതൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോറുകൾ ആരംഭിക്കുന്നതിനും കുറഞ്ഞ വിലയിൽ പലവ്യഞ്ജനങ്ങളും മറ്റും നൽകുന്നതിനായി സഹകരണ മേഖലയിൽ ഓരോ പഞ്ചായത്തിലും മിനിമം 7 കടകൾവീതം തുറക്കുന്നതിനും നടപടി കൾ സ്വീകരിക്കുന്നത് സ്വാഗതാർഹമാണ്. പച്ചക്കറി ഉൽപാദനത്തിൽ സ്വയംപര്യാപ്തമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. 1200 കോടി രൂപയുടെ കുടിവെള്ള പദ്ധതികളും മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയും യഥാർത്ഥ്യമാകാൻ പോകുന്നു. മത്സ്യമേഖലയിലെ കടാശ്വാസ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുന്നതും പനങ്ങാടുള്ള ഫിഷറീസ് കോളേജ് സ്വയംഭരണാവകാശമുള്ള മികവിന്റെ കേന്ദ്രമാക്കി ഉയർത്തുന്നതും ശ്ലാഘനീയമാണ്. സഹകരണ മേഖലയിലും ആരോഗ്യ മേഖലയിലും ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ പോകുന്നു. ക്രമസമാധാന രംഗത്ത് കേരളത്തിന് ഇന്ന് ഒന്നാം സ്ഥാനമാണുള്ളത്. ജനമൈത്രി സുരക്ഷാ പദ്ധതി വിജയകരമായി പൂർത്തീകരിച്ചു. ഇന്ത്യാ രാജ്യത്തിനാകെ മാതൃകയാകത്തക്ക രീതിയിൽ കേരളത്തിലെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് കക്ഷിരാഷ്ട്രീയ ഭേദമെന്യേ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിക്കണം.

ശ്രീ. എൻ. അനിരുദ്ധൻ: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ പൊതുധാരയിലേയ്ക്ക് കൊണ്ടുവരാനായി ഒട്ടേറെ സാമൂഹ്യ സുരക്ഷാ പദ്ധതികൾ നടപ്പാക്കിയ ഒരു

ഗവൺമെന്റാണിത്. കാർഷികമേഖലയ്ക്ക് ഊന്നൽ നൽകികൊണ്ടുള്ള ഒരു നയപ്രഖ്യാപന പ്രസംഗമാണിത്. ഊഹക്കച്ചവടക്കാർക്കും അവധി ക്കച്ചവടക്കാർക്കുംവേണ്ടി കേന്ദ്ര ഗവൺമെന്റ് ഭക്ഷ്യമേഖല തുറന്നുകൊടുത്തതിന്റെ ഫലമായി വിലക്കയറ്റമുണ്ടായിരിക്കുകയാണ്. കാർഷിക മേഖലയിൽ സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്ന നടപടിക ളുടെ ഫലമായി കർഷക ആത്മഹത്യ കുറഞ്ഞു. കാർഷിക കടാശ്വാസ നിയമത്തിൽ ക്ഷീരകർഷകരേയും പരമ്പരാഗത കർഷകരേയും ഉൾപ്പെടു ത്തിയത് സ്വാഗതാർഹമാണ്. ഇദംപ്രഥമമായി കർഷകർക്ക് പെൻഷൻ നിശ്ചയിച്ച ഗവൺമെന്റാണിത്. തരിശുനിലങ്ങളുടെ വിസ്തൃതി കുറഞ്ഞുവെന്നുമാത്രമല്ല ഉല്പാദന വർദ്ധനവുണ്ടായിട്ടുണ്ട്. പൊതുവിതരണ രംഗം ശക്തിപ്പെടുത്തിയും മാർക്കറ്റ് ഇന്റർവെൻഷൻ നടത്തിയും വില വർദ്ധനവ് നിയന്ത്രിക്കാനുള്ള ശ്രമമാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിക്കുന്നത്. കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ 40,000 കോടി രൂപയുടെ ഷെയറുകൾ വിറ്റഴിക്കുകയും മറുനാടൻ മുതലാളിമാർക്ക് കടന്നുവരാനുള്ള അവസരം ഉണ്ടാക്കുകയും ചെയ്യുമ്പോൾ ഈ സർക്കാർ 28 പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളെ ലാഭത്തിലാക്കുകയുണ്ടായി. കശുവണ്ടി വികസന കോർപ്പറേഷനേയും കാപ്പക്സിനേയും സഹായിച്ച് ലക്ഷക്കണക്കിന് തൊഴിലാളികൾക്ക് 200-ലധികം ദിവസം തൊഴിൽ കൊടു ക്കാൻ കഴിഞ്ഞത് ഈ സർക്കാരിന്റെ നേട്ടമാണ്. മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ ക്രമസമാധാന നില ഭദ്രമാണ്.

ശ്രീ. പി.സി. ജോർജ്: നന്ദിപ്രമേയത്തെ എതിർക്കുന്നു. കേന്ദ്ര ഗവൺമെന്റ് ദേശീയ തൊഴിലുറപ്പുപദ്ധതി കൊണ്ടുവന്നതിന്റെ ഫലമായി രാജ്യത്ത് തൊഴിലവസരങ്ങൾ വർദ്ധിക്കുകയും കർഷക ആത്മഹത്യ

കുറയുകയും ചെയ്തിട്ടുണ്ട്. വിലവർദ്ധനവ് തടയുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിനെ വിമർശിക്കുന്നതല്ലാതെ മറ്റൊരു നടപടിയും സ്വീകരിക്കാൻ സംസ്ഥാന ഗവൺമെന്റ് തയ്യാറാകുന്നില്ല ഗവൺമെന്റിന്റെ ഡാറ്റാ സെന്ററിന്റെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കണം. പതിനൊന്ന് സെർവറുകൾ ഉൾപ്പെടെ യുള്ള ഡാറ്റാ സെന്റർ റിലയൻസ് കമ്പനിക്ക് വിറ്റു കാശാക്കിയതിന് ഉത്തരവാദി ആരെന്ന് വ്യക്തമാക്കണം.

ശ്രീ. വി. ശിവൻകുട്ടി: നന്ദി പ്രമേയത്തെ പിന്താങ്ങുന്നു. സാമ്പത്തിക അച്ചടക്കം പാലിക്കാൻ കഴിഞ്ഞ ഗവൺമെന്റാണിത്. ഒരിക്കൽപ്പോലും ട്രഷറി അടച്ചു പൂട്ടേണ്ട സാഹചര്യം വന്നിട്ടില്ല. ജനങ്ങളുടെമേൽ അധിക നികുതി ചുമത്താതെയും വൻകിട കുത്തകകൾക്ക് നൽകിയിരുന്ന സാമ്പത്തിക ഇളവുകൾ അവസാനിപ്പിച്ചും നികുതി ചോർച്ച തടഞ്ഞും നികുതി പിരിവ് കർശനമാക്കിയും വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞു. പൊതുമേഖലാസ്ഥാപനങ്ങളെ സംരക്ഷിക്കുന്നതിനും പരമ്പരാഗത വ്യവസായ മേഖലകൾക്ക് പുതുജീവൻ നൽകുന്നതിനും സാമൂഹ്യമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ സംരക്ഷിക്കു ന്നതിനും ഉതകുന്ന നയങ്ങളാണ് ഈ ഗവണ്മെന്റ് സ്വീകരിച്ചുകൊണ്ടിരിക്കു ന്നത്. സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട ഫണ്ട് കേന്ദ്രാവിഷ്കൃത പദ്ധതികളെന്ന പേരിൽ കേന്ദ്രം നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അസംഘടിത തൊഴിലാളികൾക്ക് രണ്ടു രൂപയ്ക്ക് അരി നൽകാനുള്ള ഈ ഗവൺമെന്റിന്റെ തീരുമാനം സ്വാഗതാർഹമാണ്. പഞ്ചായത്തുകൾക്ക് പ്രത്യേകം കെട്ടിട നിർമ്മാണചട്ടങ്ങൾ, ജോലി നഷ്ടപ്പെട്ട പ്രവാസികൾക്ക് പ്രത്യേക പദ്ധതികൾ, വിലക്കയറ്റം നിയന്ത്രിക്കാൻ പ്രത്യേകം സംവിധാനങ്ങൾ തുടങ്ങിയവ ഈ സർക്കാർ നടപ്പിലാക്കാൻ പോകുകയാണ്.

വ്യവസായം, കൃഷി, വിദ്യാഭ്യാസം, പട്ടികജാതി ക്ഷേമം, അടിസ്ഥാന സൗകര്യ വികസനം എന്നിവയ്ക്കാണ് നയപ്രഖ്യാപന പ്രസംഗത്തിൽ പ്രാധാന്യം നൽകുന്നത്. കൊച്ചി മുതൽ കോയമ്പത്തൂർ വരെ നീളുന്ന 210 കോടി രൂപയുടെ വ്യവസായ ഇടനാഴി വ്യവസായ രംഗത്ത് വമ്പിച്ച വിപ്ലവം സൃഷ്ടിക്കാൻ സഹായിക്കും. സ്മാർട്ട് സിറ്റി പദ്ധതി, കണ്ണൂർ വിമാന ത്താവളം, വിഴിഞ്ഞം തുറമുഖം തുടങ്ങിയവ കേരളത്തിന്റെ വികസനത്തിന് കൂടുതൽ സഹായകമാകും. വിലക്കയറ്റം തടയുന്നതിന് സപ്ലൈകോ 250 വിൽപ്പനശാലകൾ തുടങ്ങാനും 100 മാവേലി സ്റ്റോറുകൾ സൂപ്പർ മാർക്കറ്റുക ളായി മാറ്റാനും തീരുമാനിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ആയിരം ബസ്സുകൾ നിരത്തിലിറക്കുന്നത് യാത്രാ സൗകര്യം മെച്ചപ്പെടുത്തുന്നതിന് സഹായമാകും. കെ.എസ്.ടി.പി. 1350 കോടി രൂപ വായ്പയെടുത്ത് റോഡ് വികസനം നടപ്പിലാക്കാൻ പോവുകയാണ്. സമഗ്ര നെല്ല് സംരക്ഷണ പദ്ധതി ആവിഷ്ക്കരിക്കാൻ നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ജപ്പാൻ കുടിവെള്ള പദ്ധതി കമ്മിഷൻ ചെയ്യുന്നതോടുകൂടി നഗരത്തിലെ കുടിവെള്ള ക്ഷാമത്തിന് ശാശ്വത പരിഹാരം കണ്ടെത്താൻ കഴിയും. കേരളത്തിന്റെ റേഷൻ വിഹിതം വെട്ടിക്കുറച്ച നടപടി അപലപനീയമാണ്. റെയിൽവേ ബഡ്ജറ്റ് കേരളത്തെ സംബന്ധിച്ചിടത്തോളം നിരാശാജനകമാണ്. പാലക്കാട് കോച്ചു ഫാക്ടറിക്ക് നാമമാത്രമായ വിഹിതംപോലും റയിൽവേ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടില്ല. വിലക്കയറ്റം നിയന്ത്രിക്കുന്നതിനും കർഷകരുടെ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണുന്നതിനും കേന്ദ്രഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. തീവ്രവാദ പ്രവർത്തനങ്ങൾ തടയുന്നതിൽ കേന്ദ്രഗ വൺമെന്റ് പരാജയപ്പെട്ടിരിക്കുകയാണ്.

(ചർച്ച തുടരും)

**അടിയന്തിരപ്രമേയ ചർച്ച**

മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ

മൂന്നാറിലും പരിസര പ്രദേശങ്ങളിലും ഉണ്ടായിട്ടുള്ള അനധികൃത കയ്യേറ്റങ്ങളും പരിസ്ഥിതി നാശവും തടയുന്നതിന് തൃപ്തികരമായ നടപടി സ്വീകരിക്കാത്തതുമൂലം യഥാർത്ഥ ചെറുകിടക്കാർക്ക് കൈവശഭൂമിക്ക് പട്ടയം ലഭിക്കുന്നതിനുള്ള കാലതാമസംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതി വിശേഷത്തെപ്പറ്റി സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന പ്രമേയം

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: മൂന്നാർ പ്രദേശത്തെ വൻകിട കയ്യേറ്റക്കാരെ സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് ഗവൺമെന്റ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ലാന്റ് ടാക്സ്, ലീസ്, പ്ലാന്റേഷൻ ടാക്സ് എന്നീ ഇനങ്ങളിൽ ടാറ്റ മൂന്നു കോടി രൂപയുടെ കുടിശ്ശിക വരുത്തിയിരിക്കുകയാണ്. ദൗത്യസംഘങ്ങളും മന്ത്രിസഭാ ഉപസമിതിയും ഉണ്ടെങ്കിലും ഭൂമികയ്യേറ്റം അനുസ്യൂതം തുടരുകയും ഭൂമാഫിയ അനധികൃതമായി റോഡ് വെട്ടുകയും റിസോർട്ടുകൾ നിർമ്മിക്കുകയുമാണ്. ഇതിനെതിരെ സംസ്ഥാന ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. നടപടി സ്വീകരിക്കുമെന്നു മാത്രമാണ് ജില്ലാകളക്ടർ ഹൈക്കോടതിയിൽ പറഞ്ഞിട്ടുള്ളത്. ചിന്നക്കനാൽ പ്രദേശത്ത് വ്യാജപട്ടയം സംഘടിപ്പിച്ച് ഭൂമി കയ്യേറ്റം നടത്തിയവർക്കെതിരെ ക്രിമിനൽ നടപടി സ്വീകരിക്കണം. വ്യാജപട്ടയം നൽകുന്ന ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വികരിക്കണം. മലയാളി ക്ലബ് ലിമിറ്റഡും ഗ്ലോറിയ ഫാമും കയ്യേറിയിരിക്കുന്ന ഭൂമി തിരിച്ചു പിടിക്കണം. ചെറുകിട കൃഷിക്കാരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. 1-1-1977 വരെയുള്ള കയ്യേറ്റക്കാർക്ക് അടിയന്തിരമായി പട്ടയം നൽകണം. കയ്യേറ്റക്കാർക്ക് രാഷ്ട്രീയ സംരക്ഷണം നൽകുന്നത് പിൻവലിക്കണം. സി.പി.ഐ-സി.പി.ഐ.(എം) ഉടമസ്ഥതയിലുള്ള റിസോർട്ടുകൾ ഗവൺമെന്റിന് നൽകി മാതൃക കാണി

ക്കണം. ഏറ്റവുംകൂടുതൽ ടൂറിസ്റ്റ് സാദ്ധ്യതയുള്ള മൂന്നാർ പ്രദേശത്തെ സംരക്ഷിക്കണം.

<u>ശ്രീ. കെ.കെ. ജയചന്ദ്രൻ</u> : ഭൂമികയ്യേറ്റം തടയുന്നതിന് ഫലപ്രദമായ നടപടികളാണ് സംസ്ഥാന ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്. ഇടുക്കി ജില്ലയിൽ മൂന്നാർ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽനിന്ന് 12,000-ലധികം ഏക്കർ ഭൂമി പിടിച്ചെടുത്ത് 5 സെന്റ്, 10 സെന്റ് വീതം 1044 കുടുംബങ്ങൾക്ക് വിതരണം ചെയ്തു. 24 റിസോർട്ടുകൾ പൊളിച്ചുമാറ്റുകയും 45 ഉദ്യോഗസ്ഥർ ഉൾപ്പെടെ നിരവധി അളുകളുടെ പേരിൽ കേസ്സെടുക്കുകയും ചെയ്തു. ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട് മൂന്നാറിൽ 221 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടാറ്റ ഉൾപ്പെടെയുള്ള വൻകിട ഭൂമാഫിയയ്ക്കെതിരെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ശക്തമായി മുന്നോട്ടുനീങ്ങും.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : മൂന്നാറിൽ രാഷ്ട്രീയക്കാരും ഉദ്യോഗസ്ഥരും വൻകിട മുതലാളിമാരും ചേർന്ന് കയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ രൂപീകരിച്ച ദൗത്യസംഘത്തെ പിരിച്ചുവിട്ടതിന്റെ പ്രധാന ഉത്തരവാദിത്വം സംസ്ഥാന ഗവൺമെന്റിനാണ്. മൂന്നാറിൽ നിർബാധം നടന്നുകൊണ്ടിരിക്കുന്ന അനധികൃത കയ്യേറ്റം ഒഴിപ്പിക്കാൻ നടപടി സ്വീകരിക്കണം. ടാറ്റയുടെ കൈവശമുള്ള ഭൂമി അളന്നുതിട്ടപ്പെടുത്തണം. വ്യക്തമായ നിയമോപദേശമില്ലാതെ രണ്ട് തടയണകൾ പൊളിക്കുന്നതിന് ടാറ്റ കമ്പനിക്ക് നോട്ടീസ് കൊടുത്തതുവഴി പരോക്ഷമായി ടാറ്റ കമ്പനിയെ ഹൈക്കോടതിയിലെ കേസ്സിൽ സഹായിക്കുകയാണ് ഗവൺമെന്റ് ചെയ്തിട്ടുള്ളത്. ചെറുകിട കയ്യേറ്റക്കാരുടെ മറവിലും പരിസ്ഥിതി ദുർബ്ബല പ്രദേശമാണെന്നുള്ള ഭീഷണി മുഴക്കികൊണ്ടും വൻകിട ഭൂമാഫിയ

സംഘത്തെ സംരക്ഷിക്കുന്ന നടപടി സംസ്ഥാന ഗവൺമെന്റ് അവസാനിപ്പി ക്കണം

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u>: ജെയിംസ് ഫിൻലേ കമ്പനിക്ക് ഗവൺമെന്റ് പാട്ടത്തിന് കൊടുത്ത ഭൂമി ടാറ്റ ടീ കമ്പനിക്ക് കൈമാറുകയും ടാറ്റ ടീ കമ്പനി വ്യാജരേഖകൾ ഉണ്ടാക്കി സമീപമുള്ള ഭൂമികൂടി കൈവശപ്പെ ടുത്തുകയും ചെയ്തിട്ടുണ്ടെന്നാണ് രേഖകളിൽനിന്നും മനസ്സിലാകുന്നത്. അതിൽനിന്നും 24.42 ഏക്കർ ഭൂമി ഗവൺമെന്റിന്റെ അറിവോ സമ്മതമോ കൂടാതെ റിസോർട്ടുകൾക്കും മറ്റുമായി കൈമാറിയതായി റിപ്പോർട്ടുണ്ട്. ജയിംസ് ഫിൻലേ കമ്പനിയും ടാറ്റ ടീ കമ്പനിയും ഭൂമി സംബന്ധമായി നടത്തിയ എല്ലാ ക്രയവിക്രയങ്ങളും റദ്ദ് ചെയ്ത് മുഴുവൻ ഭൂമിയും ഗവൺമെന്റ് ഉടമയിൽ കൊണ്ടുവരണം. കണ്ണൻ ദേവൻ ഹിൽസ് പ്ളാന്റേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി മറ്റ് വിളകൾ കൃഷി ചെയ്യുന്നത് നിരോധിക്കണം. യാതൊരു തത്വദീക്ഷയുമില്ലാതെ ടൗൺഷിപ്പ് ഉണ്ടാക്കി കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുക്കുകയും വില്പന നടത്തുകയും നികുതി പിരിച്ചെടുക്കുകയും ചെയ്യുന്നതിനെതിരെ ഗവൺമെന്റ് ശക്തമായ നടപടി സ്വീകരിക്കണം. റിസോർട്ട് മാഫിയകളുമായി 'ടാറ്റ'യ്ക്കുള്ള ബന്ധവും സ്വന്തമായി വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുവേണ്ടി കെട്ടുന്ന തട യണകളേയും മാർക്കറ്റിൽനിന്നും ചുങ്കം പിരിക്കുന്നതിനേയും കുറിച്ച് അന്വേഷിക്കണം. ടാറ്റ ടീയുടെ ഉടമസ്ഥാവകാശം കണ്ണൻ ദേവൻ ഹിൽസ് പ്ളാന്റേഷൻ ലിമിറ്റഡിന് കൈമാറിയതായി പറയുന്ന കാര്യം സർക്കാർ പരി ശോധിക്കണം. മൂന്നാറിലെ കുടിയേറ്റക്കാരേയും ചെറുകിട കർഷകരേയും സാധാരണക്കാരേയും സംരക്ഷിക്കുന്നതിനും ടാറ്റ കമ്പനിപോലുള്ള വൻകിട

കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ശക്തമായ നടപടികൾ സ്വീകരിക്കണം.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : വ്യാജപട്ടയങ്ങൾ നൽകിയതായി വ്യക്തമായ തെളിവുകൾ ലഭിച്ചിട്ടുള്ള കേസ്സുകളിൽ ആവശ്യമായ നടപടികൾ സ്വീകരിക്കണം. സർക്കാർ ഭൂമി കയ്യേറിയ 27 പേരുടെ പേരിൽ കേസ് രജിസ്റ്റർ ചെയ്തെങ്കിലും നടപടിയൊന്നും സ്വീകരിച്ചില്ല. ഒരു വില്ലേജ് ഓഫീസിൽ മൂന്ന് തരം രജിസ്റ്റർവച്ച് കരം പിരിക്കുന്നത് ലജ്ജാകരമാണ്. ഭൂമി കയ്യേറ്റത്തിനെതിരെ മുഖ്യമന്ത്രി ഒരു നിലപാട് സ്വീകരിക്കുമ്പോൾ അതിന് കടകവിരുദ്ധമായ സമീപനമാണ് പാർട്ടി സെക്രട്ടറി സ്വീകരിക്കുന്നത്. മൂന്നാറിൽ തടയണ, ചെക്ക്ഡാം എന്നിവ പൊളിക്കുമെന്നും റിസോർട്ടുകൾ ഒഴിപ്പിക്കുമെന്നും 1977-നുമുമ്പ് ഭൂമി കയ്യേറിയവർക്ക് പട്ടയം നൽകുമെന്നും പ്രത്യേക കോടതി സ്ഥാപിക്കുമെന്നുമുള്ള റവന്യൂവകുപ്പുമന്ത്രിയുടെ പ്രഖ്യാപനങ്ങൾ നടപ്പാക്കണം. മൂന്നാർ റിസോർട്ടുകൾ കളക്ടറുടെ ഇടപെടൽമൂലം ഒഴിപ്പിക്കാൻ സാധിക്കുന്നില്ല. 1977-നു മുമ്പ് കയ്യേറി കൃഷിചെയ്യുന്നവരുടെ ഭൂമി സംരക്ഷിക്കപ്പെടണം. മൂന്നാറിലെ ആനവിരട്ടി, കെ.ഡി.എച്ച്, പള്ളിവാസൽ വില്ലേജുകളുടെ സർവ്വേപ്ലാൻ റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വയ്ക്കാൻ സർക്കാർ തയ്യാറാകണം.

ശ്രീ. എസ്. രാജേന്ദ്രൻ: മൂന്നാറിലെ ഭൂമികയ്യേറ്റ പ്രശ്നം അവസാനിപ്പിക്കാൻ കഴിയണം. 1974-നുശേഷം ടാറ്റ സർക്കാർ വക ഭൂമി കൈയേറിയിട്ടുണ്ടോ എന്നും ഇല്ലെങ്കിൽ ആരാണ് യഥാർത്ഥ കൈയ്യേറ്റക്കാർ എന്നതും വ്യക്തമാക്കണം. വൻകിടക്കാരുടെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കണം. കുടിയേറ്റ കർഷകർക്ക് രേഖകളും പട്ടയങ്ങളും ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണം. ഭൂമി കയ്യേറ്റത്തെക്കുറിച്ച് സർവ്വേ ഡിപ്പാർട്ടുമെന്റിൽ പോലും

രേഖകളില്ലാത്ത സ്ഥിതിയാണ്. കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനു പകരം വൻകിട കയ്യേറ്റക്കാരെ സംരക്ഷിക്കാനും സഹായിക്കാനുമുള്ള പ്രചരണങ്ങളാണ് നടക്കുന്നത്. 1-1-1977-നുമുമ്പുള്ള കുടിയേറ്റ കർഷകർക്ക് പട്ടയം കൊടുക്കുന്നതിനുള്ള നടപടി എത്രയും വേഗം പൂർത്തീകരിക്കണം.

<u>ശ്രീ. കെ. പി. മോഹനൻ:</u> മൂന്നാറിൽ അനധികൃതമായി നിർമ്മിച്ച റിസോർട്ടുകൾ പൊളിക്കാനുള്ള നടപടി സ്വീകരിക്കണം. ടാറ്റ നടത്തിയ പാട്ട ഭൂമി വിൽപന റദ്ദ് ചെയ്യാൻ സർക്കാർ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കണം. ആദിവാസികളെ ബലിയാടാക്കിക്കൊണ്ട് വയനാട്ടിൽ ഭൂമികയ്യേറ്റം നടത്തുന്നത് അവസാനിപ്പിക്കണം. വയനാട്ടിൽ അന്യായമായി കയ്യേറിയ ഭൂമി പിടിച്ചെടുത്ത് ആദിവാസികൾക്ക് വിതരണം ചെയ്യണം.

<u>ശ്രീ. എ. കെ. ശശീന്ദ്രൻ:</u> അനധികൃതമായി കയ്യേറിയ ഭൂമി നിയമാനുസൃതം ഒഴിപ്പിക്കണം. ആദിവാസികൾ ഉൾപ്പെടെയുള്ള പാവപ്പെട്ടവർക്ക് ഭൂമി കൊടുക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം. അനധികൃത കയ്യേറ്റം ഒഴിപ്പിക്കാനുള്ള ഗവൺമെന്റിന്റെ തീരുമാനം ആത്മാർത്ഥതയുള്ളതാണെങ്കിൽ അത് നടപ്പിലാക്കാൻ കേരളത്തിലെ ജനങ്ങളുടെ പിന്തുണ ഉണ്ടാകും

<u>ശ്രീ. വി. സുരേന്ദ്രൻ പിള്ള:</u> ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നിരവധി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചിട്ടുണ്ട്. കയ്യേറ്റങ്ങൾക്ക് കൂട്ടുനിന്നവർക്ക് 5 വർഷത്തിൽ കുറയാത്ത ജയിൽശിക്ഷ നടപ്പാക്കിയത് ഈ സർക്കാരാണ്. മൂന്നാറിലെ പരിസ്ഥിതിയും പ്രകൃതി ഭംഗിയും സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം. വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനുള്ള നടപടിയുമായി ഈ ഗവൺമെന്റ് സധൈര്യം മുന്നോട്ടു പോകണം.

<u>ശ്രീ. കെ.കെ. ഷാജു</u>: മൂന്നാറിലെ ഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കേണ്ടത് സർക്കാരിന്റെ ബാധ്യതയാണ്. രണ്ടും മൂന്നും സെന്റ് ഭൂമി കയ്യേറി താമസിക്കുന്നവർക്ക് സംരക്ഷണം കൊടുക്കുന്നതിൽ ആരും എതിരല്ല. വൻകിടക്കാരുടെ കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിന് ശക്തമായ നടപടി സ്വീകരിക്കണം. മൂന്നാറിലെ കയ്യേറ്റത്തെക്കുറിച്ച് ധവളപത്രം ഇറക്കാൻ ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. കെ.സി. കുഞ്ഞിരാമൻ</u>: വയനാട് ജില്ലയിൽ 1,10,000 ഭൂരഹിത കർഷക കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. വയനാട്ടിൽ ഹാരിസൺസ് മലയാളം പ്ലാന്റേഷൻ ലിമിറ്റഡ് കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാൻ യു.ഡി.എഫ്. ഗവൺമെന്റ് യാതൊരു നടപടിയും സ്വീകരിച്ചില്ല. ഹാരിസൺസ് കയ്യേറുകയും പിന്നീട് വിൽക്കുകയും ചെയ്ത ഭൂമി തിരിച്ചുപിടിച്ച് ഭൂരഹിതരായ ആദിവാസികൾക്ക് നൽകണം. സ്വകാര്യ വ്യക്തികൾ സർക്കാർ ഭൂമി കയ്യേറി വർഷങ്ങൾക്കുശേഷം സർക്കാരിന് തന്നെ വിൽപ്പന നടത്തിയ സംഭവങ്ങളെക്കുറിച്ച് അന്വേഷിക്കണം.

<u>ശ്രീ. പി.ടി.എ. റഹിം</u>: കെ.ഡി.എച്ച്. ആക്റ്റ് നിലവിൽ വന്നതിനുശേഷം നിരവധി കയ്യേറ്റങ്ങൾ മൂന്നാറിൽ ഉണ്ടായിട്ടുണ്ട്. ലാന്റ് ബോർഡ് അവാർഡിന്റെ അടിസ്ഥാനത്തിൽ തിരിച്ചെടുക്കേണ്ട ഭൂമി തിരിച്ചെടുത്തിട്ടില്ല എന്ന പ്രചരണമാണ് നടക്കുന്നത്. കയ്യേറിയ ഭൂമി ഏതെങ്കിലും അവസരത്തിൽ പിടിച്ചെടുക്കപ്പെടും എന്നുള്ള ധാരണ പൊതുസമൂഹത്തിൽ സൃഷ്ടിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. യഥാർത്ഥ കൃഷിക്കാരെ സംരക്ഷിക്കുകയും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുകയും ചെയ്യണം. ടാറ്റാ അനധികൃതമായി കൈവശം വച്ചിരിക്കുന്ന ഭൂമി തിരിച്ചെടുക്കണം.

ശ്രീ. കെ. എം. മാണി: മൂന്നാറിൽ ടാറ്റ കയ്യേറിയ ഒരിഞ്ചു ഭൂമിപോലും തിരിച്ചെടുക്കാൻ സർക്കാരിന് സാധിച്ചില്ല. വൻകിട കയ്യേറ്റക്കാരെ സംരക്ഷിക്കുകയും ചെറുകിട കുടിയേറ്റക്കാരെ ദ്രോഹിക്കുകയും ചെയ്യുന്ന സമീപനമാണ് തുടർന്നുവരുന്നത് ഭൂമി കയ്യേറ്റം നടത്തിയ വിഷയത്തിൽ ഹൈക്കോടതിയിൽ പരസ്പര വിരുദ്ധമായ സ്റ്റേറ്റ്മെന്റുകളാണ് ഗവൺമെന്റ് നൽകിയത്.

ശ്രീ. വി.എൻ. വാസവൻ: യു.ഡി.എഫ്. ഭരണകാലത്ത് മൂന്നാറിൽ വ്യാപകമായ കയ്യേറ്റം നടക്കുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടും ഒരിഞ്ചു ഭൂമി പോലും തിരിച്ചു പിടിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചിരുന്നില്ല. സുപ്രീംകോടതിയിൽ ജോയിന്റ് സ്റ്റേറ്റുമെന്റ് കൊടുത്തിരുന്നുവെങ്കിൽ 1-1-1977-നു മുമ്പ് കയ്യേറിയവർക്ക് പട്ടയം കൊടുക്കാൻ സാധിക്കുമായിരുന്നു. ഈ ഗവൺമെന്റ് വന്നതിനുശേഷമാണ് 25000-ത്തോളം ഏക്കർ ഭൂമിക്ക് പട്ടയം കൊടുക്കാൻ സാധിച്ചത്. 12000 ഏക്കറോളം ഭൂമി പിടിച്ചെടുക്കുകയും അതിൽ ആയിരത്തോളം ഏക്കർ ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞതിനെയും അഭിനന്ദിക്കാൻ പ്രതിപക്ഷം തയ്യാറാകണം. ടാറ്റ പാട്ടക്കരാർ ലംഘിച്ചതിനെതിരെ ഒരു നോട്ടീസ് കൊടുക്കാൻ പോലും യു.ഡി.എഫ്. ഗവൺമെന്റ് തയ്യാറായില്ല. 7 സെന്റ് വരെയുള്ള ചെറുകിട കയ്യേറ്റക്കാരെ സംരക്ഷിച്ചുകൊണ്ട് ടാറ്റയെപ്പോലുള്ള വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. മൂന്നാർ കേന്ദ്രീകരിച്ച് ഗവൺമെന്റ് ഉടമസ്ഥതയിൽ ടൗൺഷിപ്പ് രൂപീകരിക്കണം. കെട്ടിക്കിടക്കുന്ന കേസ്സുകളിൽ സമയബന്ധിതമായി തീർപ്പ് കൽപ്പിക്കുന്നതിനായി മൂന്നാർ കേന്ദ്രീകരിച്ച് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതി ആരംഭിക്കണം. മോണിറ്ററിംഗിനായി വിവിധ വകുപ്പുകളുടെ ഏകോപനമുണ്ടാകണം. 1-1-1977-നു

മുൻപുള്ള കയ്യേറ്റങ്ങൾക്ക് പട്ടയം നൽകാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടി സ്വീകരിക്കണം.

<u>പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻചാണ്ടി):</u> മൂന്നാറിലെ കയ്യേറ്റക്കാരെ രാഷ്ട്രീയം നോക്കാതെ ഒഴിപ്പിക്കാൻ തയ്യാറാകണം. ഇതിന് യു.ഡി.എഫ്.-ന്റെ പൂർണ്ണ പിന്തുണയുണ്ടാകും. എല്ലാവരും കയ്യേറ്റക്കാരാണെന്ന് വരുത്തിത്തീർത്ത് യഥാർത്ഥ കയ്യേറ്റക്കാരെ സംരക്ഷിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. ടാറ്റ കമ്പനി അവർക്ക് അവകാശപ്പെട്ടതിൽക്കൂടുതൽ ഭൂമി കൈവശം വയ്ക്കുകയും അനധികൃതമായ വിധത്തിൽ ഭൂമി വിൽക്കുകയും വാടക പിരിക്കുകയും തടയണ കെട്ടുകയും ചെയ്തിട്ടുണ്ടെങ്കിൽ അതിനെതിരെ ഗവൺമെന്റ് ശക്തമായ നടപടിയെടുക്കണം. ചെറുകിട കയ്യേറ്റക്കാർക്ക് പട്ടയം ലഭിക്കാത്തതിനാൽ നികുതി അടക്കുന്നതിനോ ഭൂമി ക്രയവിക്രയം നടത്തുന്നതിനോ ബാങ്കിൽനിന്നും ലോൺ എടുക്കുന്നതിനോ കഴിയുന്നില്ല. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകണം. ആദിവാസികൾക്ക് കുറഞ്ഞത് ഒരേക്കർ ഭൂമിയെങ്കിലും നൽകുമെന്ന വാഗ്ദാനം പാലിക്കണം. ഗവൺമെന്റ് ഭൂമി അനധികൃതമായി കൈവശപ്പെടുത്തിയിരിക്കുന്നത് നിയമപ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി ഏറ്റെടുക്കുന്നതിനോട് യു.ഡി.എഫ്-ന് യാതൊരു എതിർപ്പും ഇല്ല.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ബിനോയ് വിശ്വം</u>) : ടാറ്റ അടക്കമുള്ള വൻകിട കയ്യേറ്റക്കാരെ ഒഴിപ്പിക്കാനാവശ്യമായ നടപടികളാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ആദിവാസികളുടെ താൽപ്പര്യം സംരക്ഷിക്കുകയും കർഷകരുടെ ആവശ്യങ്ങൾക്ക് ന്യായമായ പരിഗണന നൽകുകയും ചെയ്യും. ടാറ്റയെപ്പോലെയുള്ള വൻകിട കയ്യേറ്റക്കാരെ സംരക്ഷിക്കാനാവശ്യമായ ഹിഡൻ അജണ്ടയാണ്

യു. ഡി. എഫ്.-നുളളത്. മൂന്നാറിൽ ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ എന്ന് പറഞ്ഞതിനെ ഇക്കോളജിക്കലി ഫ്രജൈൽ ലാന്റ് എന്ന് പ്രചരിപ്പിച്ച് ഇടുക്കി ജില്ലയിലെ കർഷകരെ ഇളക്കിവിടുകയാണ് യു. ഡി. എഫ്. ചെയ്യുന്നത്. ഇ.എഫ്.എൽ. ആക്ടിന്റെ ക്ലാസ് 2-ൽ പറഞ്ഞിരിക്കുന്നതിൽ നിന്നും വ്യത്യസ്തമായി ഉടുമ്പൻചോല, പീരുമേട്, ദേവികുളം താലൂക്കുകളിലെ പതിനായിരക്കണക്കിന് വരുന്ന കൃഷിക്കാരെ പീഡിപ്പിക്കാൻവേണ്ടിയുള്ള ഒരു കെട്ടുകഥ ഉണ്ടാക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. ഇക്കോളജിക്കലി സെൻസിറ്റീവ് ഏരിയ എന്നുപറയുന്നത് ഇ.എഫ്.എൽ. ആക്ടായി ദുർവ്യാഖ്യാനിക്കുകയാണ് പ്രതിപക്ഷം ചെയ്തത്. യു.ഡി.എഫ്. ഗവൺമെന്റ് ഇ.എഫ്.എൽ ആക്ട് പാസ്സാക്കിയെങ്കിലും ചട്ടം കൊണ്ടുവരാത്തതിനാൽ തുടർ നടപടികൾ സ്വീകരിക്കാൻ കഴിയുമായിരുന്നില്ല. ചട്ടം കൊണ്ടുവന്നത് എൽ.ഡി.എഫ്. ഗവൺമെന്റാണ്. രണ്ടു ഹെക്ടർ വരെയുള്ള കൃഷിക്കാർക്കുവേണ്ടി ഈ ഗവൺമെന്റ് ഇ.എഫ്.എൽ. ആക്ടിൽ കൊണ്ടുവന്ന ഭേദഗതി അനുസരിച്ച് ആക്ടിൽ പറയുന്ന കാര്യങ്ങൾക്കുപുറമെ ഒരു പ്രത്യേക തർക്ക പരിഹാര ഫോറമുണ്ടാക്കി. പാട്ടനിരക്ക് വർദ്ധിപ്പിക്കുന്നതിനായി 1980-ൽ കൊണ്ടുവന്ന ആക്ടിന് ചട്ടങ്ങൾ കൊണ്ടുവന്ന് പൊതുമേഖലാ സ്ഥാപനങ്ങളുടെ പാട്ടനിരക്ക് വർദ്ധിപ്പിക്കാനുള്ള നടപടിയെടുത്തത് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ): മൂന്നാറിൽ നിർമ്മിച്ചിട്ടുള്ള തടയണകളുടെ കാര്യത്തിൽ നിലവിലുള്ള നിയമങ്ങളുടേയും ചട്ടങ്ങളുടേയും പരിധിയിൽ നിന്നുകൊണ്ടാണ് ഗവൺമെന്റ് നടപടി സ്വീകരിച്ചിട്ടുള്ളത്. തടയണ നിർമ്മാണത്തെപ്പറ്റി ഗവൺമെന്റിന്റെ ശ്രദ്ധ

യിൽപ്പെട്ടതിനെത്തുടർന്ന് നിയോഗിച്ച മന്ത്രിസഭ ഉപസമിതി സ്ഥലം സന്ദർശിച്ചപ്പോൾ തന്നെ ഇടുക്കി ജില്ലാകളക്ടർ ബന്ധപ്പെട്ടവർക്ക് നോട്ടീസ് നൽകുകയുണ്ടായി. ജില്ലാകളക്ടറുടെ അധികാര പരിധിയെ സംബന്ധിച്ച പ്രശ്നം ഹൈക്കോടതിയുടെ പരിഗണനയിലാണ്. മൂന്നാഴ്ചത്തേയ്ക്ക് തടയണ പൊളിക്കരുതെന്നുള്ള സ്റ്റേ ഉത്തരവ് നിലവിലിരിക്കുകയാണ്. ഈ കേസ് ഇപ്പോൾ ഗ്രീൻ ബഞ്ചിന് റഫർ ചെയ്തിരിക്കുകയാണ് 2004-ലെ ഗവൺമെന്റിന്റെ റവന്യൂ സർക്കുലറിന്റെ അടിസ്ഥാനത്തിലാണ് ചെക്ക്ഡാം സംബന്ധിച്ച് ജില്ലാകളക്ടർ നോട്ടീസ് നൽകിയിട്ടുള്ളത്. തടയണകൾ ആറുമാസത്തിനുള്ളിൽ പണിതതാണെന്ന് തടയണ പോയി കണ്ട അംഗങ്ങൾക്ക് മനസ്സിലായിട്ടുള്ളതാണ്. ഇത്തരത്തിൽ ഒരു പെർമനന്റ് സ്ട്രക്ചർ കെട്ടുന്നതിന് ഗവൺമെന്റിന്റെ അനുമതി ആവശ്യമാണ്. തടയണയ്ക്ക് ഏഴു പതിറ്റാണ്ടിന്റെ പഴക്കമുണ്ടെന്നുള്ള ടാറ്റയുടെ അഫിഡവിറ്റ് കോടതി മുഖവിലയ്ക്കെടുത്തിരിക്കുകയാണ്. ഇതിലെ നിയമസാങ്കേതിക പ്രശ്നങ്ങൾ പരിഹരിക്കണമെങ്കിൽ സഭയുടെ ഒന്നടങ്കമുള്ള സഹകരണം ഉണ്ടാകണം. അനധികൃത ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എല്ലാ താല്പര്യങ്ങൾക്കും അതീതമായ നിലപാട് സ്വീകരിക്കാനുള്ള സന്നദ്ധത ഗവൺമെന്റ് കാണിക്കും.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇടുക്കി ജില്ലയിലെ മൂന്നാർ കേന്ദ്രീകരിച്ച് വൻതോതിൽ ഭൂമി കയ്യേറ്റവും പലതരത്തിലുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു. കയ്യേറ്റത്തെ കയ്യേറ്റമായി കാണാനും കുടിയേറ്റ കർഷകരേയും അവിടത്തെ കർഷകരേയും പ്രത്യേകമായി കണ്ടുകൊണ്ട് അവരുടെ പ്രശ്നങ്ങൾ പരിഹരിക്കാൻ ഗവൺമെന്റ് മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചു. ഉപസമിതിയുടെ പരിശോധനയിൽ ടാറ്റയാണ് ഏറ്റവുംവലിയ കയ്യേറ്റം നടത്തിയതായി

കണ്ടെത്തിയിട്ടുള്ളത്. മൂന്നാർ പ്രദേശം ടാറ്റയിൽ നിന്നും ഒഴിപ്പിച്ച് ഗവൺമെന്റിന്റേതാക്കി അവിടെ ഒരു ടൗൺഷിപ്പ് നിർമ്മിക്കുന്നതിനുള്ള നടപടികളുമായിട്ടാണ് മുന്നോട്ടുപോകുന്നത്. പാട്ടത്തിന് എടുത്ത ഭൂമി വില്പന നടത്തിയതായി ടാറ്റതന്നെ കോടതിയിൽ സമ്മതിക്കുകയും അതുസംബന്ധിച്ച് കേസ് നിലനിൽക്കുകയുമാണ്. തടയണ നിർമ്മിക്കുക, മരങ്ങൾ മുറിച്ചുമാറ്റുക. റിസോർട്ടുകൾ പണിയുക തുടങ്ങി നിയമവിരുദ്ധ പ്രവർത്തനങ്ങൾ നടത്തുന്ന ടാറ്റയ്ക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാൻ പ്രതിപക്ഷത്തിന്റെ സഹായവും ആവശ്യമാണ്. ഭൂമി വില്പന ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്നാണ് പള്ളിവാസൽ കെ.ഡി.എച്ച് വില്ലേജിന്റെ അതിർത്തിയിൽ മാറ്റം വരുത്തിയത്. ഇത് ഗൗരവമായ വിഷയം ആയതുകൊണ്ട് ഗവൺമെന്റ് പ്രത്യേക ഉദ്യോഗസ്ഥരെ നിയോഗിച്ച് പഴയ സർവ്വേ റിക്കോർഡുകൾ പരിശോധിച്ചുവരികയാണ്. ഗവൺമെന്റ് ഏറ്റെടുത്ത ഭൂമിയെ സംബന്ധിച്ച വിവരങ്ങൾ വില്ലേജ്തിരിച്ച് സർവ്വേ നമ്പർ വച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. റിസോർട്ടുകൾ പൊളിച്ചുനീക്കുകയോ കസ്റ്റഡിയിൽ വയ്ക്കുകയോ ചെയ്തിട്ടുണ്ട്. ഗവൺമെന്റ് ഏറ്റെടുക്കുന്ന ഒരു റിസോർട്ട് കോടതി നിർദ്ദേശമനുസരിച്ച് ഇപ്പോൾ കെ.ടി.ഡി.സി. നടത്തുകയാണ്. ഗവൺമെന്റ് പിടിച്ചെടുത്ത ഏലത്തോട്ടങ്ങളിൽ കൃഷി നടത്തുകയാണ്. കെ.ഡി.എച്ച്. വില്ലേജിൽ 640 പട്ടയങ്ങൾ പരിശോധിച്ചതിൽ 194 എണ്ണത്തിനുമാത്രം വാലിഡിറ്റിയുണ്ടെന്നുകണ്ടെത്തിയതിനാൽ അവരിൽ നിന്നും നികുതി പിരിക്കാനുള്ള നടപടി സ്വീകരിച്ചു. വിജിലൻസ് കേസുകളും ക്രിമിനൽ കേസുകളുമുൾപ്പെടെ 215 പേർക്കെതിരെ കേസ് എടുക്കുകയും 88 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. 390 കയ്യേറ്റങ്ങളിലായി 12,372 ഏക്കർ സ്ഥലം ഗവൺമെന്റ് ഒഴിപ്പിച്ചെടുത്തു.

സർക്കാർ ഭൂമി കയ്യേറുന്നവർക്കും അതിന് സഹായിക്കുന്ന ഉദ്യോഗ സ്ഥർക്കും ജയിൽശിക്ഷ ഉറപ്പുവരുത്തുന്ന നിയമം അനുസരിച്ച് 52 കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടന്നുവരുന്നു. മൂന്നാർ ടൗണിലെ കേസുകൾ കൈകാര്യം ചെയ്യുന്നതിനായി എല്ലാ അധികാരങ്ങളോടുംകൂടിയ ഒരു ജുഡീഷ്യൽ കോടതിയുണ്ടാക്കാനും പ്രത്യേകമായി പ്രോസിക്യൂട്ടറെ നിയമിക്കാനുമുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. 1-1-1977-നുമുമ്പ് കുടിയേറിയ പതിനയ്യായിര ത്തോളം മലയോര കൃഷിക്കാർക്ക് പട്ടയം കൊടുക്കാനുള്ള നടപടികൾ പൂർത്തിയായിവരുന്നു. വിതരണംചെയ്ത ഭൂമി കൈമാറ്റം ചെയ്തതുസംബന്ധിച്ച പ്രശ്നത്തിന് പരിഹാരം കാണാൻ ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഏലം കൃഷിക്കാരിൽ നിന്നും ടാക്സും പ്രീമിയവും പിരിച്ചെടുക്കാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി. ഉപേക്ഷിച്ച സ്ഥലത്ത് 70 വർഷത്തോളമായി താമസിക്കുന്ന 14,000-ത്തോളം വരുന്ന കൃഷിക്കാരുടെ അപേക്ഷകൾ പരിശോധിച്ച് ആറുമാസത്തിനുള്ളിൽ പട്ടയം കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 7937 ആദി വാസി കുടുംബങ്ങൾക്ക് വനാവകാശ നിയമമനുസരിച്ച് ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ):</u> മൂന്നാറിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുത്ത് ആദിവാസികൾ, ചെറുകിടകർഷകർ, തോട്ടം തൊഴിലാളികൾ തുടങ്ങിയവർക്ക് കൊടുക്കാനുള്ള നടപടികളാണ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. മതികെട്ടാനിൽ കയ്യേറിയ അയ്യായിരം ഏക്കർ ഭൂമി തിരിച്ചു പിടിച്ച് ഇപ്പോൾ ദേശീയപാർക്കാക്കി മാറ്റിയിരിക്കുകയാണ്. ജില്ലാ

കളക്ടർ സമർപ്പിച്ചിട്ടുള്ള അഫിഡവിറ്റ് പരിശോധിച്ച് ആവശ്യമാണെങ്കിൽ മാറ്റങ്ങൾ വരുത്തുന്നതാണ്. മൂന്നാറിലെ ഭൂമി കയ്യേറ്റവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിശോധിക്കുന്നതിന് നിയോഗിച്ച മൂന്നംഗ മന്ത്രിസഭാ ഉപസമിതി ആവശ്യമായ നടപടികൾ സ്വീകരിച്ച് മുന്നോട്ടുപോവുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ വാക്കൗട്ട് നടത്തുകയും അല്പസമയത്തിനുള്ളിൽ തിരിച്ചെത്തുകയും ചെയ്തു.)

സഭ നിറുത്തിവയ്ക്കണമെന്ന പ്രമേയം വോട്ടിനിട്ട് നിരാകരിച്ചു.

**നന്ദിപ്രമേയത്തിന്മേലുള്ള ചർച്ച (തുടർച്ച)**

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി: നന്ദിപ്രമേയത്തെ എതിർക്കുന്നു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിലും നിയമസഭാ ഉപതെരഞ്ഞെടുപ്പുകളിലുമുണ്ടായ തിരിച്ചടിയിൽ നിന്നും പാഠം ഉൾക്കൊണ്ടുകൊണ്ട് ജനോപകാരപ്രദമായ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നതിനുപകരം ജനദ്രോഹ നടപടികളാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വാക്കുകളിൽ ന്യൂനപക്ഷ പ്രീണനവും പ്രവൃത്തികളിൽ ന്യൂനപക്ഷ പീഡനവുമാണ് ഈ ഗവൺമെന്റിന്റെ മുഖമുദ്ര. കേന്ദ്ര ഗവൺമെന്റ് ന്യൂനപക്ഷങ്ങൾക്ക് അനുവദിക്കുന്ന ഫണ്ടുകൾ ശരിയായ വിധത്തിൽ വിതരണം ചെയ്യുന്നില്ല. വിദ്യാഭ്യാസ പ്രീമെട്രിക് സ്കോളർഷിപ്പ്, മദ്രസ്സ നവീകരണ പദ്ധതി, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പദ്ധതി, പാലൊളി കമ്മിറ്റി റെക്കമെന്റ് ചെയ്ത പദ്ധതികൾ തുടങ്ങിയവയ്ക്ക് അനുവദിക്കുന്ന തുകകൾ യഥാസമയം വിനിയോഗിക്കാതെ പാഴാക്കുകയാണ് ചെയ്യുന്നത്. സ്മാർട്ട് സിറ്റി പദ്ധതി, വിഴിഞ്ഞം തുറമുഖ പദ്ധതി ഇവയുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കണം. വിദ്യാഭ്യാസ നിലവാരമുയർത്തൽ നടപടികളുടെ ഫലമായി ഗവണ്മെന്റ്

എയ്ഡഡ് സ്കൂളുകളിൽ നിന്നും വൻതോതിൽ കുട്ടികൾ കൊഴിഞ്ഞുപോയിക്കൊണ്ടിരിക്കുന്നു .സംസ്ഥാനത്തെ ക്രമസമാധാന നില തകർന്നിരിക്കുന്നു. കൊലപാതകങ്ങളും കവർച്ചയും നിത്യസംഭവങ്ങളായി മാറിയിരിക്കുന്നു. മൽസ്യത്തൊഴിലാളി കടാശ്വാസ പദ്ധതിയുടെ ആനുകുല്യ ങ്ങൾ അർഹതപ്പെട്ടവർക്ക് ലഭിക്കുന്നില്ല. മുതലാളിത്വത്തെ ന്യായീകരി ക്കുന്ന നടപടികളാണ് സ്വീകരിച്ചുവരുന്നത്. കേരളത്തെ മാഫിയകൾക്ക് അടി യറ വച്ചിരിക്കുകയാണ്. പെൻഷൻ ആനുകൂല്യങ്ങൾ കിട്ടുന്ന മത്സ്യത്തൊഴി ലാളികൾക്ക് സൗജന്യ നിരക്കിലുളള അരിയും മണ്ണെണ്ണയും ലഭിക്കുന്നില്ല.

<u>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ</u> :നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. മൂന്നാറിലെ ഭൂമി കയ്യേറ്റം ഒഴിപ്പിക്കുന്നതിന് ശക്തമായ നടപടികളുമായി ഗവൺമെന്റ് മുന്നോട്ടുപോകും. ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾ പരിഹരിക്കുമ്പോഴാണ് ഒരു സംസ്ഥാനത്തിന് വികസനം എന്ന ലക്ഷ്യം കൈവരുന്നതെന്ന കാഴ്ചപ്പാടോടുകൂടിയാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോ കുന്നത്. കേന്ദ്രഗവൺമെന്റിന്റെ മാന്ദ്യ വിരുദ്ധ പാക്കേജ് കുത്തകകൾക്ക് വേണ്ടിയുളളതാണെങ്കിൽ കേരളത്തെ സാമ്പത്തികമാന്ദ്യം ബാധിക്കാതിരിക്കാ നുളള ഉത്തേജക പാക്കേജുകൾ പ്രഖ്യാപിക്കുകയാണ് ചെയ്തത്. പൊതു മരാമത്ത് മേഖലയിൽ 3000 കോടി രൂപയുടെ പ്രവർത്തനങ്ങളാണ് നടത്തുന്നത്. കാർഷിക മേഖലയിൽ വൻപിച്ച മാറ്റങ്ങളുണ്ടായി. ആയിരം പച്ചക്കറി ഗ്രാമങ്ങൾ, സ്റ്റേറ്റ് വെജിറ്റബിൾ മിഷൻ എന്നിവ രൂപീകരിച്ചു. നെല്ലു ല്പാദനം വർദ്ധിപ്പിച്ചും നെല്ലിന് താങ്ങ് വില ഉയർത്തിയും സംഭരിച്ച നെല്ല് അരിയാക്കി വിതരണം ചെയ്തും ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി. പൊതുവിതരണ സമ്പ്രദായം തകർക്കുന്ന സമീപനമാണ് കേന്ദ്ര ഗവൺമെന്റ്

സ്വീകരിച്ചിട്ടുള്ളത്. 24 രൂപ വിലയുള്ള അരി 16 രൂപയ്ക്ക് നീതിസ്റ്റോർ മുഖേനയും മാവേലി സ്റ്റോറുകൾ മുഖേനയും കൊടുക്കാനുള്ള നടപടി സ്വാഗതാർഹമാണ്. കേന്ദ്ര സർക്കാർ പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ചത് നിത്യോപയോഗ സാധനങ്ങളുടെ വില ഇനിയും വർദ്ധിക്കാൻ ഇടയാക്കും. ഇടതുപക്ഷജനാധിപത്യ മുന്നണി ഗവൺമെന്റ് ജനക്ഷേമ പ്രവർത്തനങ്ങളുമായാണ് മുന്നോട്ടു പോകുന്നത്.

ശ്രീ. എം. ഹംസ : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. വരാനിരിക്കുന്ന വർഷങ്ങളിലെ പ്രവർത്തനങ്ങളുടെ രൂപരേഖയാണ് നയപ്രഖ്യാപന പ്രസംഗം. ലോകരാജ്യങ്ങൾ ഭക്ഷ്യ പ്രതിസന്ധി നേരിടുകയും ഇന്ത്യ ഗവൺമെന്റ് കാർഷികമേഖലയെ അവഗണിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് കാർഷിക മേഖലയിൽ ഉണ്ടാക്കിയിട്ടുള്ള നേട്ടങ്ങൾ പ്രശംസനീയമാണ്. പാൽ, മുട്ട ഉൽപ്പാദനം ഗണ്യമായി വർദ്ധിപ്പിക്കാൻ കഴിഞ്ഞു. വൈദ്യുതി, ടൂറിസം മേഖലകളിൽ നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചു. സമഗ്ര ആരോഗ്യ സുരക്ഷ പദ്ധതി മാതൃകാപരമായി നടപ്പിലാക്കിയ സംസ്ഥാനം കേരളമാണെന്ന് കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ട്. മികച്ച ജലവിഭവ മാനേജുമെന്റിനുള്ള അവാർഡ് ലഭിച്ചത് കേരളത്തിനാണ്. മെഡിക്കൽ വിദ്യാഭ്യാസ രംഗത്തെ വികസനത്തിനായി മെഡിക്കൽ യൂണിവേഴ്സിറ്റി ആരംഭിച്ചത് സ്വാഗതാർഹമാണ്. വിദ്യാഭ്യാസ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങളെ പ്രധാനമന്ത്രി പ്രശംസിച്ചത് കേരള ഗവൺമെന്റിന് കിട്ടിയ മറ്റൊരു അംഗീകാരമാണ്. എഡ്യൂസാറ്റ് ഉപയോഗിച്ചുള്ള വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടിയുള്ള പരിശീലന പദ്ധതികൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വമ്പിച്ച പുരോഗതി കൈവരിക്കാനിടയാക്കുന്നതാണ്.

<u>ശ്രീ. കെ.പി. മോഹനൻ</u>: രാഷ്ട്രീയ വ്യത്യാസമില്ലാതെയും ഏറ്റെക്കുറ ച്ചിലുകളില്ലാതെയും അംഗങ്ങൾക്ക് വികസന ഫണ്ട് നൽകാൻ തയ്യാറാകണം. അംഗങ്ങൾ നിരന്തരമായി ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്ന താലൂക്ക് വിഭജനത്തെക്കുറിച്ചോ വില്ലേജ് വിഭജനത്തെക്കുറിച്ചോ നയപ്രഖ്യാപന പ്രസംഗത്തിൽ പരാമർശിക്കാത്തത് ഖേദകരമാണ്. വടക്കേ ക്കളത്തെ കുടിയേറ്റക്കാർക്ക് ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള നടപടി സ്വീക രിക്കണം. തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്നതിന് പലിശരഹിത വായ്പ നൽകുകയും എല്ലാവിധ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുകയും ചെയ്യണം. തോടുകളും പുഴകളും കുന്നുകളും സംരക്ഷിക്കപ്പെടണം. പഞ്ചായ ത്തുകളിലെ കെട്ടിട നിർമ്മാണത്തെ സംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള ആശങ്ക ദൂരീകരിക്കണം. വിദ്യാഭ്യാസ രംഗത്ത് സ്റ്റുഡന്റ്സ് ഫ്രണ്ട്‌ലി ആയി ട്ടുള്ള സമീപനം സ്വീകരിക്കണം. ഉപരിപഠനത്തിന് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കാതിരിക്കുന്നതിന് സംസ്ഥാനത്തുതന്നെ അതിനുള്ള സൗകര്യം ഏർപ്പെടുത്തണം. നയപ്രഖ്യാപന പ്രസംഗത്തിൽ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഗവൺമെന്റ് തയ്യാറാകണം.

<u>ശ്രീ. കെ.കെ. ഷാജു</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ വിലക്കയറ്റം ഇല്ലാതാക്കുമെന്ന് പറയുന്നുണ്ടെ ങ്കിലും അവശ്യ സാധനങ്ങളുടെ വില ദിനംപ്രതി ഉയർന്നുകൊണ്ടിരിക്കുന്നു. ക്രമസമാധാന നില തകർന്നിരിക്കുന്നു. വ്യവസായരംഗത്ത് മുരടിപ്പ് അനുഭവ പ്പെടുന്നു. ആരോഗ്യമേഖലയിൽ എൻ.ആർ.എച്ച്.എം.-ന്റെ പ്രവർത്തനം മാത്ര മാണ് നടക്കുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് യാതൊരു തത്വദീക്ഷയുമി ല്ലാതെ ചെലവഴിക്കുന്നു. വിദ്യാഭ്യാസ-തൊഴിൽ മേഖലകളിലൊന്നുംതന്നെ

ഈ ഗവൺമെന്റിന് നേട്ടം ഉണ്ടാക്കാൻ കഴിഞ്ഞിട്ടില്ല. ജനങ്ങൾക്കുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത, ജനങ്ങളെയാകെ നിരാശരാക്കുന്ന നയ പ്രഖ്യാപന പ്രസംഗമാണ് ഗവർണർ നടത്തിയിരിക്കുന്നത്.

ശ്രീ. കെ.ടി. ജലീൽ : നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ആഗോള സാമ്പത്തിക മാന്ദ്യത്തിന്റെ ദൂഷ്യഫലങ്ങൾ സംസ്ഥാനത്ത് ഏൽക്കാതിരിക്കുന്നതിനുള്ള ഉത്തരവാദിത്വമാണ് ഗവൺമെന്റ് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. കാർഷിക മേഖലയിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തി സാമ്പത്തിക പ്രതിസന്ധി തരണം ചെയ്തുകൊണ്ടിരിക്കുന്നു. 25 ലക്ഷത്തോളം വരുന്ന പാവപ്പെട്ട കുടുംബങ്ങൾക്ക് രണ്ട് രൂപ നിരക്കിൽ അരി വിതരണം ചെയ്യുന്നതിനും 14,000-ത്തോളം വരുന്ന നെൽകർഷകർക്ക് പെൻഷൻ പ്രഖ്യാപിക്കുന്നതിനും 15,000-ത്തോളം ഹെക്ടർ തരിശ്ഭൂമി കൃഷിയോഗ്യമാക്കുന്നതിനും സാധിച്ചു. ഓരോ ഗ്രാമപഞ്ചായത്തിലും 50 ലക്ഷം രൂപവീതം ചെലവഴിച്ച് ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് പുതിയ സംവിധാനം ആവിഷ്കരിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ രണ്ടു വർഷമായി 3000 കോടി രൂപയുടെ വികസന പ്രവർത്തനങ്ങളാണ് കേരളത്തിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. ഓരോ നിയോജക മണ്ഡലത്തിലും 15 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനുപുറമെ 15 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള അവസരംകൂടി മെമ്പർമാർക്ക് ലഭിക്കുകയാണ്. 2010 ഡിസംബറിൽ ചമ്രവട്ടം റെഗുലേറ്റർ-കം-ബ്രിഡ്ജ് പദ്ധതി പൂർത്തിയാകുന്നതോടുകൂടി മലപ്പുറം ജില്ലയിൽ പൊന്നാനി, തിരൂർ താലൂക്കുകളിലേയും പാലക്കാട് ഒറ്റപ്പാലം താലൂക്കിലെ ചില പ്രദേശങ്ങളിലേയും കുടിവെള്ളക്ഷാമത്തിന് പരിഹാരം ഉണ്ടാകുന്നതാണ്. നാഷണൽ ഹൈവേ നാലുവരിപ്പാതയാക്കുന്നതുമായി ബന്ധപ്പെട്ട് കേരള

ത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകളിൽ ഇളവു വരുത്തുന്നതിനും കുടിയൊഴിപ്പിക്കുന്ന ആളുകളെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പാക്കേജ് നടപ്പിലാക്കുന്നതിനുമുള്ള പ്രൊപ്പോസൽ നാഷണൽ ഹൈവേ അതോറിറ്റിക്ക് സമർപ്പിക്കണം. സംസ്ഥാനത്ത് അലിഗഡ് മുസ്ലീം യൂണിവേഴ്സിറ്റിയുടെ ഓഫ് ക്യാമ്പസ് സ്ഥാപിക്കുന്നതിനുള്ള ഭൂമി ഫെബ്രുവരി 6-ാം തീയതി കൈമാറുകയാണ്. 5000 പാവപ്പെട്ട മുസ്ലീം വിദ്യാർത്ഥിനികൾക്ക് പ്രതിവർഷം 10,000 രൂപവീതം സ്കോളർഷിപ്പ് നൽകാനുള്ള പദ്ധതി സ്വാഗതാർഹമാണ്. മുസ്ലീം വിദ്യാർത്ഥികൾക്കു വേണ്ടി കോഴിക്കോടും പൊന്നാനിയിലും പ്രത്യേക കേന്ദ്രങ്ങൾ കൊണ്ടുവരികയാണ്. ന്യൂനപക്ഷ-പിന്നോക്ക ക്ഷേമ കാര്യങ്ങളിൽ സ്തുത്യർഹമായ സേവനമാണ് ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്.

ശ്രീ. പി. കൃഷ്ണപ്രസാദ്: നന്ദി പ്രമേയത്തെ അനുകൂലിക്കുന്നു. ഉല്പാദന-വ്യവസായ മേഖലകൾക്കും സാമൂഹ്യനീതിക്കുമൊക്കെ പ്രാധാന്യം കൊടുത്തുകൊണ്ട് ജനങ്ങൾക്ക് ഒരു പ്രത്യേക ദിശാബോധം പകർന്നുകൊടുക്കാൻ ഗവൺമെന്റിന് സാധിച്ചു. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതോടുകൂടി കർഷക ആത്മഹത്യ ഇല്ലാതായി. കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്നങ്ങളുടെ വിലയുടെ കാര്യത്തിലും സംഭരണത്തിന്റെ കാര്യത്തിലും ഫലപ്രദമായ ഇടപെടലുകൾ നടത്തുന്നതിനും സാധിച്ചു. ഭക്ഷ്യസുരക്ഷയ്ക്ക് പ്രാധാന്യം കൊടുക്കുന്നതിന്റെ ഭാഗമായി പച്ചക്കറി കൃഷി വ്യാപകമാക്കുന്നതിനും മൃഗപരിപാലന മേഖല ശക്തിപ്പെടുത്തുന്നതിനും മുട്ട, പാൽ എന്നിവയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഗവൺമെന്റ് നടപടി സ്വീകരിച്ചു. 28 വ്യവസായങ്ങൾ ലാഭകരമാക്കുന്നതിനും വ്യവസായ മേഖലയെ ആകർഷകമാക്കുന്നതിനും നടപടി സ്വീകരിച്ചു. കേന്ദ്ര

ഗവൺമെന്റിന്റെ ഉദാരവത്കരണ-സാമ്പത്തിക നയങ്ങളുടെ ഫലമായി വില ക്കയറ്റം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കേന്ദ്ര ഗവൺമെന്റ് വളത്തിനുള്ള 3000 കോടി രൂപയുടെ സബ്സിഡി എടുത്തുകളഞ്ഞു. ഭക്ഷ്യപ്രതിസന്ധി അതിഭീകരമായ രീതിയിൽ രാജ്യത്തെ ബാധിച്ചിരിക്കുകയാണ്. ജനസംഖ്യാ വർദ്ധനവിനനുസരിച്ച് ഭക്ഷ്യധാന്യം ലഭ്യമാകുന്നില്ല. തൊഴിലാളി സംഘട നകളും കർഷക സംഘടനകളും രാജ്യവ്യാപകമായി വിലക്കയറ്റത്തി നെതിരെ വലിയ പോരാട്ടത്തിലേയ്ക്ക് നീങ്ങുകയാണ്. കഴിഞ്ഞ 4 വർഷ ത്തിനുള്ളിൽ മിച്ചഭൂമി വിതരണത്തിൽ റിക്കാർഡ് സൃഷ്ടിക്കാൻ ഗവൺമെന്റിന് കഴിഞ്ഞിട്ടുണ്ട്. ദുർബ്ബലജനവിഭാഗങ്ങൾക്കും ആദിവാസി കൾക്കും പട്ടയമോ കൈവശരേഖയോ കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. 1970-ൽ 6 ശതമാനം ആയിരുന്ന ഭൂരഹിതരുടെ എണ്ണം 2007-ഓടുകൂടി 36 ശതമാനമായി വർദ്ധിച്ചിരിക്കുകയാണ്. കയ്യേറ്റക്കാരിൽ നിന്ന് ഭൂമി പിടി ച്ചെടുത്ത് ഭൂരഹിതർക്ക് വിതരണം ചെയ്യുന്നതിന് ശക്തമായ നടപടികൾ സ്വീകരിക്കണം.

<u>ശ്രീ. വി.എസ്. സുനിൽകുമാർ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. ജനോപകാരപ്രദമായ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്തു കൊണ്ട് മുന്നോട്ടുപോകുന്ന ഗവൺമെന്റാണിത്. അടിസ്ഥാന വികസനവുമായി ബന്ധപ്പെട്ട് നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ചതിന്റെ ഫലമായി. കാർഷികോൽപ്പാദന മേഖലയിലുണ്ടായിരുന്ന മുരടിപ്പും പൊതു മേഖലയുടെ തകർച്ചയും നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞിട്ടുണ്ട്. വ്യവസായരംഗത്തും ആരോഗ്യരംഗത്തും വിദ്യാഭ്യാസമേഖലയിലും അത്യപൂർവ്വങ്ങളായ നേട്ടങ്ങളാണ് സംസ്ഥാനം കൈവരിച്ചിരിക്കുന്നത്. കേന്ദ്രഗവൺമെന്റ് കോർപ്പറേറ്റ് കമ്പനികൾക്കുവേണ്ടി വളത്തിന്റെ

സബ്സിഡി എടുത്തുകളയുകയും പ്രൈസ് കൺട്രോൾ ലിസ്റ്റിൽ ഉൾപ്പെടുത്തിയിരുന്ന മരുന്നുകളുടെ എണ്ണം വെട്ടിക്കുറയ്ക്കുകയും ചെയ്തിരിക്കുന്നു. കാർഷിക മേഖലയിൽ കേന്ദ്രസർക്കാർ ജനവിരുദ്ധനയമാണ് നടപ്പിലാക്കുന്നത്. സഹകരണമേഖലയിൽ ഡെപ്പോസിറ്റ് വർദ്ധിപ്പിക്കാനും ന്യൂജനറേഷൻ ബാങ്കുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കാനും കഴിഞ്ഞു..

<u>ശ്രീ. സി.പി. മുഹമ്മദ്</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. വിലക്കയറ്റം നിയന്ത്രിക്കാൻ ഈ ഗവൺമെന്റ് ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. സംസ്ഥാനത്തിന് ലഭിക്കുന്ന വിൽപ്പന നികുതിയിൽ ഇളവ് വരുത്തിയാൽ പെട്രോളിന്റെയും ഡീസലിന്റെയും വില കുറയ്ക്കാൻ സാധിക്കും. പെട്രോളിന്റേയും ഡീസലിന്റേയും വിലവർദ്ധനവിന്റെ പേരിൽ ബസ് ചാർജ് കൂട്ടാനുള്ള നടപടിയിൽ നിന്നും പിന്മാറണം. കെട്ടിട നിർമ്മാണ ചട്ടങ്ങൾ പരിഷ്ക്കരിച്ച് ജനങ്ങളെ ദുരിതത്തിലാഴ്ത്താൻ ശ്രമിക്കരുത്. കാർഷിക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം കുറ്റമറ്റതാക്കണം. നെൽവയൽ നീർത്തട സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നുണ്ടോയെന്ന് പരിശോധിക്കണം.

<u>ശ്രീ. പി. ജയരാജൻ</u>: നന്ദിപ്രമേയത്തെ അനുകൂലിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം നിയന്ത്രിക്കാനുള്ള നടപടികളുമായിട്ടാണ് ഗവണ്മെന്റ് മുന്നോട്ടുപോകുന്നത്. കൃഷി, പരമ്പരാഗത വ്യവസായം, ആധുനിക വ്യവസായം തുടങ്ങിയ കാര്യങ്ങളിലെല്ലാം ജനക്ഷേമകരവും ഫലപ്രദവുമായ നടപടികളാണ് സ്വീകരിക്കുന്നത്. പൊതുവിതരണ രംഗത്ത് ഒരു വർഷം 400 കോടി രൂപയാണ് നീക്കിവയ്ക്കുന്നത്. കർഷക ആത്മഹത്യ അവസാനിപ്പിക്കാൻ നടപടികൾ

സ്വീകരിച്ചു. നഷ്ടത്തിലായിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കി. പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കാൻ റിബേറ്റ് പുന:സ്ഥാപിച്ചു. ബീഡിത്തൊഴിലാളികൾക്ക് പെൻഷൻ ഏർപ്പെടുത്തി. ഗവൺമെന്റ് മെഡിക്കൽ കോളേജുകളിലെ ഡോക്ടർമാരുടെ സ്വകാര്യ പ്രാക്ടീസ് നിർത്തലാക്കാൻ കഴിഞ്ഞു. ആദിവാസികൾക്കും ചെറുകിട കർഷ കർക്കും പട്ടയം നൽകി. ജനങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്ന ഗവൺമെന്റാണിത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: നന്ദിപ്രമേയത്തെ എതിർക്കുന്നു. കെടുകാര്യസ്ഥതയും അഴിമതിയും സ്വജനപക്ഷപാതവും മുഖമുദ്രയാക്കിയ സർക്കാരാണിത്. എൻ.ആർ.എച്ച്.എം., ഗ്രാമവികസനം, സുനാമി പുനരധിവാസം, നാഷണൽ ഹോർട്ടികൾച്ചർ മിഷൻ തുടങ്ങിയ കേന്ദ്രാവിഷ്ക്കൃത പദ്ധതികൾക്കനുവദിച്ച തുക പൂർണ്ണമായി ചെലവഴിക്കാൻ കഴിഞ്ഞിട്ടില്ല. ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി നൽകിയ തുകയുടെ 47.9 ശതമാനം ചെലവഴിച്ചിട്ടില്ല. സ്ക്കൂൾ കുട്ടികൾക്ക് വേണ്ടി സബ്സിഡൈസ്ഡ് റേറ്റിൽ കേന്ദ്രം നൽകിയ ചെറുപയറും വൻകടലയും മറിച്ചു വിറ്റവർക്കെതിരെ നടപടി സ്വീകരിക്കണം. ക്രെഡിബിലിറ്റി നഷ്ടപ്പെട്ട ഒരു ഗവണ്മെന്റാണിത്.

സഭ വൈകുന്നേരം 6.04-ന് പിരിഞ്ഞു.

...........................